# പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

## (HOME AFFAIRS)

### ആനുകാലിക റിപ്പോർട്ട്

(2025 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2025)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്
(Presented on 6th October 2025)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

# ആഭ്യന്തരകാര്യങ്ങൾ
# (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2025 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2025)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1138/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | viii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 17 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)
# (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2023 ഡിസംബർ 7-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2023-26 കാലയളവിലേക്കായി രൂപീകരിച്ച അഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചെയർപേഴ്സണും ബഹു. പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. വി. ജോയി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. മാത്യു ടി. തോമസ്, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. തോമസ് കെ. തോമസ് എന്നിവർ അംഗങ്ങളുമാണ്. സമിതിയിൽ ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ 18-6-2024 വരെയും 19-6-2024 മുതൽ ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് എന്നിവർ പ്രത്യേക ക്ഷണിതാക്കളുമാണ്.

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ 24-6-2024, 2-7-2024, 9-10-2024, 17-2-2025, 20-2-2025, 25-2-2025, 19-3-2025 എന്നീ തീയതികളിലായി സമിതി 7 യോഗങ്ങൾ ചേർന്നു. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി രണ്ട് യോഗങ്ങളും രണ്ട് സംയുക്ത യോഗങ്ങളും മറ്റ് യോഗങ്ങൾ വിവിധ ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച കാലതാമസപത്രികകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കും വേണ്ടിയാണ് ചേർന്നത്. യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ 55 ശതമാനമായിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും അദ്ധ്യായം III-ൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235 എ പ്രകാരം ചേരുന്ന യോഗങ്ങൾ

സംബന്ധിച്ചും അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI-ൽ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമായതും ലഭ്യമാക്കാനുള്ളതുമായ ശിപാർശകളുടെയും വകുപ്പുകളുടെയും വിവരങ്ങളും കൂടാതെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടിപത്രികകളുടെയും കാലതാമസപത്രികകളുടെയും വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2025 ഒക്ടോബർ 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പിണറായി വിജയൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2025 ഒക്ടോബർ 6.

# റിപ്പോർട്ട്

## അധ്യായം - I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

2. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

പ്രസ്തുത റിപ്പോർട്ടുകൾ 24-6-2024-ലെ സമിതിയോഗം പരിഗണിച്ച് അംഗീകരിക്കുകയും 2024 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

2024 മാർച്ച് 6-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിക്കുകയും 2024 ജൂൺ 10-ാം തീയതി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ സംബന്ധിച്ച റിപ്പോർട്ട്

5. 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്

പ്രസ്തുത റിപ്പോർട്ടുകൾ 9-10-2024-ലെ സമിതിയോഗം അംഗീകരിക്കുകയും 10-10-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

2025 ഫെബ്രുവരി 17, 20 തീയതികളിൽ ചേർന്ന യോഗം സമിതിയുടെ പരിഗണനയിൽ വരുന്ന ധനാഭ്യർത്ഥനകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള ധനാഭ്യർത്ഥനാ കുറിപ്പുകൾ പരിഗണിക്കുകയും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട് സമിതിയുടെ 25-2-2025-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2025 മാർച്ച് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

<u>അധ്യായം - II</u>

**സമിതി പരിശോധിച്ച ബില്ലുകൾ**

1. 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

2. 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

2024 ഒക്ടോബർ 9-ാം തീയതി ചേർന്ന സമിതിയോഗം പ്രസ്തുത ബില്ലുകൾ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

<u>അധ്യായം - III</u>

**സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശം**

(എ) <u>കരട് ചട്ടങ്ങൾ</u>

24-6-2024-ലെ യോഗം

**താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.**

1. The Kerala State and Subordinate Services (...... Amendment) Rules, 2024 (K.S.&S.S.R. Part I, Schedule List III ഭേദഗതി സംബന്ധിച്ച്)

(സർക്കാർ കത്ത് നം.റൂൾസ്1/121/2023-ഉഭപവ., തീയതി 9-5-2024)

(ഫയൽ നം. 8488/സബ്.സി.ഡി2/24/ലെജി.)

2. The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2024

(സർക്കാർ കത്ത് നം.ഉ.പ.സി1/37/2022-ഉഭപവ., തീയതി 5-2-2024)

(ഫയൽ നം.9904/സബ്.സി.ഡി2/24/ലെജി.)

**താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.**

1. The Kerala Statistics and Economics Service (Amendment) Rules

(സർക്കാർ കത്ത് നം.PLGEA-B3/15/2023-PLGEA, തീയതി 18-1-2024.)

(ഫയൽ നം.1271/സബ്.സി.ഡി2/24/ലെജി.)

2. The Special Rules in respect of certain categories of posts in the Department of Sainik Welfare, 2021

(സർക്കാർ കത്ത് നം.SW2/104/2022/SWD, തീയതി 2-9-2023)

(ഫയൽ നം.19383/സബ്.സി.ഡി2/21/ലെജി.)

**പരിഗണന മാറ്റിവച്ച കരട് ചട്ടം**

1. The Special Rules for the Personal Staff of the Ministers, the Leader of the Opposition and the Government Chief Whip (Amendment) Rules, 2023

(സർക്കാർ കത്ത് നം. എസ്.എച്ച്2/160/2017/പൊഭവ. തീയതി 1-11-2023.)

(ഫയൽ നം. 18688/സബ്.സി.ഡി2/23/ലെജി.)

## 9-10-2024-ലെ യോഗം

**താഴെപ്പറയുന്ന കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.**

1. The Kerala Service (...... Amendment) Rules, 2024. (കെ.എസ്.ആർ. ഭാഗം 1, അനുബന്ധം VII, സെക്ഷൻ II, ചട്ടം 20-ൽ ഭേദഗതി)

(സർക്കാർ കത്ത് നം. റൂൾസ് ബി1/52/2022/ധന., തീയതി 20-6-2024)

(ഫയൽ നം. 10868/സബ്.സി.ഡി2/24/ലെജി.)

**താഴെപ്പറയുന്ന കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതിയോടെ യോഗം അംഗീകരിക്കുകയും ചെയ്തു.**

2. The Special Rules for the Personal Staff of the Ministers, the Leader of the Opposition and the Government Chief Whip (Amendment) Rules, 2023

(സർക്കാർ കത്ത് നം. എസ്.എച്ച്.2/160/2017-പൊ.ഭ.വ., തീയതി 1-11-2023 & 31-8-2024)

(ഫയൽ നം. 18688/സബ്.സി.ഡി2/23/ലെജി.)

**പരിഗണന മാറ്റിവച്ച കരട് ചട്ടം**

1. The Kerala Lok Ayukta (Furnishing of property statement) Amendment Rules, 2024

(സർക്കാർ കത്ത് നം. വിജി.സി3/296/2023/ വിജി., തീയതി 6-6-2024.)

(ഫയൽ നം. 13048/സബ്.സി.ഡി2/24/ലെജി.)

25-2-2025-ലെ യോഗം

**താഴെപ്പറയുന്ന കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.**

1. The Kerala Police Subordinate Service (Band and Mounted Police Units)

(.........Amendment) Rules, 2025

(സർക്കാർ കത്ത് നം. കെ2/257/2022-ആഭ്യന്തരം, തീയതി 13-1-2025)

(KLS/405/2025/SubcD2(E-1696))

**താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.**

1. The Kerala Civil Services (Classification, Control and Appeal) Amendment Rules, 2024

(സർക്കാർ കത്ത് നം. ഉപ.സി2/25/2024 -ഉഭപവ., തീയതി 28-9-2024)

(ഫയൽ നം. 16997/സബ്.സി.ഡി2/24/ലെജി.)

2. The Kerala Police Departmental Inquires, Punishment and Appeal (Amendment) Rules, 2024

(സർക്കാർ കത്ത് നം. എച്ച്6/57/2019 -ആഭ്യ. തീയതി 26-11-2024)

(ഫയൽ നം.20514/സബ്.സി.ഡി2/24/ലെജി.)

3. The Kerala Service (............Amendment) Rules, 2024 (കെ.എസ്.ആർ. ഭാഗം I, ചട്ടം 104 A ഭേദഗതി സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ്-ബി1/57/2024-ധന(ഇ. 2832444) തീയതി 13-12-2024)

(ഫയൽ നം.21061/സബ്.സി.ഡി2/24/ലെജി.)

(KLS/16200/2024-Subc.D2(E-1229))

4. The Kerala State and Subordinate Services (..........Amendment) Rules, 2024 (കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 28 b(i) ഭേദഗതി സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ്-1/127/2023/ഉഭപവ., തീയതി 20-12-2024)

(ഫയൽ നം.21239/സബ്.സി.ഡി2/24/ലെജി.)

(KLS/16328/2024-Subc.D2(E1272))

5. The Kerala Service (............Amendment) Rules, 2024 (കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII, സെക്ഷൻ II ചട്ടം 1(i)-ന് ചുവടെയുള്ള നോട്ട് നം.2 ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ്-ബി1/45/2024-ധന (ഇ- 2798775) തീയതി 9-1-2025)

(KLS/305/2025-Subc.D2 (E-1590))

6. The Kerala Service (........Amendment) Rules, 2024 (കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19D-ക്കുശേഷം 19E കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ്-ബി1/19/2023-ധന (E-2353342) തീയതി 9-1-2025)

(KLS/318/2025-Subc.D2(E-1603))

7. The Kerala Service (..........Amendment) Rules, 2024 (കെ.എസ്.ആർ. ഭാഗം 1, അനുബന്ധം VII, സെക്ഷൻ II,ചട്ടം 19E-ക്കുശേഷം 19F കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ്-ബി1/13/2020-ധന (E-1492275) തീയതി 9-1-2025)

(KLS/327/2025-Subc.D2(E-1612))

(ബി) എസ്. ആർ. ഒ.-കൾ

താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങളും അവ സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വകുപ്പുകൾ ലഭ്യമാക്കിയ വിശദീകരണവും സമിതി പരിഗണിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

## 24-6-2024-ലെ യോഗം

1. കേരള പി.എസ്.സി.ക്ക് ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികളുടെ പ്രമാണപരിശോധന നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം (S.R.O. No. 1387/2023)

(സർക്കാർ കത്ത് നം. ഉപസി3/53/21/ഉ.ഭ.പ.വ. തീയതി 12-1-24 &14-5-24)

(ഫയൽ നം.1161/സബ്.സി.ഡി2/24/ലെജി.)

## 25-2-2025-ലെ യോഗം

1. 2024-ലെ കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് (S.R.O. No. 447/2024)

2. 2024-ലെ കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവ്വീസ് റൂൾസ് (S.R.O. No. 451/2024) (കാലതാമസപത്രിക സഹിതം)

(സർക്കാർ കത്ത് നം. എൽ1/3/2018-ആഭ്യ., തീയതി 6-8-2024 & 16-10-2024)

(ഫയൽ നം. 15582/സബ്.സി.ഡി2/24/ലെജി.)

അധ്യായം IV

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(A) പ്രകാരമുള്ള സമിതിയോഗം സംബന്ധിച്ച വിശദാംശം**

പ്രസ്തുത കാലയളവിൽ ചട്ടം 235 A പ്രകാരം സമിതി യോഗം ചേർന്നിട്ടില്ല.

## അധ്യായം V

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | |
|---|---|---|---|
| (1) | (2) | (3) | (4) |
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് | 2-7-2024 |
| III—നീതിന്യായ നിർവ്വഹണം | 2022-23 (കാലതാമസ പത്രിക സഹിതം) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. - 12) വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ) | 2-7-2024 |
| XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2022-23 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി) | 2-7-2024 |
| XXXVII—വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് (ഇൻഫോപാർക്ക്സ് കേരള) | 2-7-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) | 2-7-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് | 2-7-2024 |

| (1) | (2) | (3) | (4) |
|---|---|---|---|
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ് | 2-7-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. - 11) വകുപ്പ് | 2-7-2024 |
| XII—പോലീസ് | 2023-24 | പോലീസ് വകുപ്പ് | 2-7-2024 |
| XIII—ജയിലുകൾ | 2023-24 | ആഭ്യന്തര വകുപ്പ് | 2-7-2024 |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2023-24 | പൊതുഭരണ (സർവ്വീസസ്) വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ) | 2-7-2024 |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2023-24 | സ്റ്റേഷനറി വകുപ്പ് | 2-7-2024 |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2023-24 | അച്ചടി വകുപ്പ് | 2-7-2024 |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2023-24 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് | 2-7-2024 |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2023-24 | ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് | 2-7-2024 |
| XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2023-24 | ആഭ്യന്തര വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി) | 2-7-2024 |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2023-24 | കേരള പ്രവാസികാര്യ വകുപ്പ് | 2-7-2024 |

| (1) | (2) | (3) | (4) |
|---|---|---|---|
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2023-24 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് [വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (വിവിഡ്)] | 2-7-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | പാർലമെന്ററികാര്യ വകുപ്പ് | 2-7-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | പൊതുഭരണ വകുപ്പ് (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) | 8-10-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് | 8-10-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് | 8-10-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (ഐ.എം.ജി.) | 8-10-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2023-24 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് [കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റെജിക് കൗൺസിൽ (കെ-ഡിസ്ക്)] | 8-10-2024 |
| IV—തെരഞ്ഞെടുപ്പുകൾ | 2023-24 (കാലതാമസ പത്രിക സഹിതം) | ഇലക്ഷൻ വകുപ്പ് | 8-10-2024 |
| XII—പോലീസ് | 2023-24 | വിജിലൻസ് വകുപ്പ് | 8-10-2024 |

| (1) | (2) | (3) | (4) |
|---|---|---|---|
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2023-24 | പൊതുഭരണ (എ.ഐ.എസ്-എ) വകുപ്പ് | 8-10-2024 |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്കാരം | 2023-24 (കാലതാമസ പത്രിക സഹിതം) | ശാസ്ത്ര സാങ്കേതിക വകുപ്പ് (കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) | 8-10-2024 |
| XXXVII—വ്യവസായങ്ങൾ | 2023-24 | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ) | 8-10-2024 |
| XXXVII—വ്യവസായങ്ങൾ | 2023-24 | ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള) | 8-10-2024 |
| XXXVII—വ്യവസായങ്ങൾ | 2023-24 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് | 8-10-2024 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ<br>XVI—പെൻഷനും പലവകയും | 2023-24 | ധനകാര്യ വകുപ്പ് | 8-10-2024 |
| IV—തെരഞ്ഞെടുപ്പുകൾ | 2023-24 | തദ്ദേശസ്വയംഭരണ (ഇ.എം.)വകുപ്പ് (കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ) | 8-10-2024 |
| III—നീതിന്യായ നിർവ്വഹണം | 2023-24 | ജുഡീഷ്യറി, കേരള പ്രോസിക്യൂഷൻ സർവീസസ് (ആഭ്യന്തര വകുപ്പ്) | 18-3-2025 |

അധ്യായം VI

**(എ) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ 2025 മാർച്ച് 31 വരെ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AR12) വകുപ്പ് 27-3-2025-ലെ എ.ആർ.12-2/06/2024/പി&എ.ആർ.ഡി. കത്ത് മുഖേന ഖണ്ഡിക നം. 39, 46 ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും**

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

(ഫയൽ നം. 1986/സബ്.സി.ഡി2/2017/ലെജി.)

ശിപാർശ

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

നടപ്പുസാമ്പത്തിക വർഷത്തിൽ വിവരാവകാശ കമ്മീഷന് ടെലിഫോൺ ചെലവ്, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 05-3-ടെലിഫോൺ ചെലവ് എന്ന ഇനത്തിൽ 1 ലക്ഷം രൂപയും 99-വിവരസാങ്കേതികവിദ്യ എന്ന ഇനത്തിൽ 49,99,000 രൂപ വീതം അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.9)

സ്വീകരിച്ച നടപടി

സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ നിയമനം ടി കാലയളവിൽ നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ നിയമസഭാ സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ കമ്മീഷന്റെ ടെലിഫോൺ ചാർജ്ജ്, വിവരസാങ്കേതികവിദ്യ ഇനത്തിലും, മറ്റ് ആവശ്യങ്ങൾക്കുമായി ചെലവായ തുക ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നതിനാലും കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കേണ്ടിവന്നില്ല.

പൊതുഭരണ(ഏകോപന)വകുപ്പിൽ നിന്നും 23-10-2024-ലെ സി.ഡി.എൻ1/241/ 2022-പൊഭവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം.9 ശിപാർശയിന്മേലുള്ള നടപടിപത്രിക സമിതിയുടെ 25-2-2025-ലെ യോഗം പരിഗണിക്കുകയും കാലതാമസപത്രിക 18-3-2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

(ഫയൽ നം.11793/സബ്.സി.ഡി2/22/ലെജി.)

<u>ശിപാർശ</u>

2014-00-103-96—<u>അതിവേഗ പ്രത്യേക പോക്സോ കോടതികളുടെ സ്ഥാപനം (60% കേന്ദ്രാവിഷ്കൃതം)</u>

(02)-28—<u>തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 28 ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികളിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് വേതനം നൽകുന്നതിനായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 31.60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 21)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിൽ പുതുതായി സ്ഥാപിച്ച ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി (പോക്സോ) കളിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് വേതനം നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ 2,20,00,000(രണ്ട് കോടി ഇരുപതു ലക്ഷം രൂപ മാത്രം) [കേന്ദ്രവിഹിതം (60%) - 1.32 കോടിയും, സംസ്ഥാന വിഹിതം (40%) - 0.88 കോടിയും] രൂപ അനുവദിച്ചിരുന്നു. ആയത് PFMS മുഖേന SNA അക്കൗണ്ട് വഴി കളക്ടർമാർക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്.

ഈ തുകയിൽ 1,79,98,080 (ഒരു കോടി എഴുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി എൺപത് രൂപ മാത്രം) വിനിയോഗിച്ചിട്ടുള്ളതും ബാക്കി തുകയായ 38,59,579 (മുപ്പത്തിയെട്ടു ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിയൊൻപത് രൂപ മാത്രം) SNA അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ളതുമാകുന്നു.

ശിപാർശ

2014-00-114-90—പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 11 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 38)

സ്വീകരിച്ച നടപടി

2014-00-114-90-പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ 11 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയതു പ്രകാരം ടി തുക വകയിരുത്തിയിരുന്നില്ല.

ശിപാർശ

**പുതിയ ശീർഷകം സൃഷ്ടിച്ച് തുക വകയിരുത്തുന്നതിനുള്ള ശിപാർശകൾ**

**ജുഡീഷ്യറിക്കുള്ള സമഗ്രമായ ICT അടിസ്ഥാന സൗകര്യങ്ങൾ (പ്ലാൻ)**

ജുഡീഷ്യറിക്ക് സമഗ്രമായ ഡിജിറ്റൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിന്റെ ഭാഗമായി ഐ.സി.ടി. ഇൻഫ്രാസ്ട്രക്ച്ചർ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി 7.745 കോടി രൂപയും രണ്ട് മാതൃകാ ഡിജിറ്റൽ കോടതി മുറികൾ സ്ഥാപിക്കുന്നതിന് 2 കോടി രൂപയും രണ്ട് കോടതി മുറികളിലായി തൽസമയ വീഡിയോ സ്ട്രീമിങ്ങും കോടതി മുറിയിലെ നടപടികളുടെ റെക്കോർഡിംഗും നടപ്പിലാക്കുന്നതിന് 2 കോടി രൂപയും ഉൾപ്പെടെ 11.745 കോടി രൂപ പുതിയ ശീർഷകം സൃഷ്ടിച്ച് ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴിവകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 196)

സ്വീകരിച്ച നടപടി

ജുഡീഷ്യറിക്കുള്ള സമഗ്രമായ ICT അടിസ്ഥാന സൗകര്യങ്ങൾ എന്ന പദ്ധതിക്കായി 11.745 കോടി രൂപ പുതിയ ശീർഷകം സൃഷ്ടിച്ച് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ടി തുക വകയിരുത്തിയിരുന്നില്ല.

ആഭ്യന്തര (സി) വകുപ്പിൽ നിന്നും 30-7-2024-ലെ സി3/96/2023/ ആഭ്യന്തരം കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 21, 38, 196 ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ സമിതിയുടെ 9-10-2024-ലെ യോഗം പരിഗണിക്കുകയും കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ശിപാർശ

**സ്പെക്ട്രം ചാർജസ്**

2022-23 സാമ്പത്തിക വർഷം സ്പെക്ട്രം ചാർജ്ജ് ഇനത്തിൽ തുക കേന്ദ്ര സർക്കാരിലേക്ക് അടയ്ക്കുന്നതിനായി പുതിയ ശീർഷകം സൃഷ്ടിച്ച് പ്രസ്തുത ചെലവുകൾ നിർവ്വഹിക്കുന്നതിന് ആയതിൽ 2.25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 197)

സ്വീകരിച്ച നടപടി

2022-23 സ്പെക്ട്രം ചാർജ്ജ് ഇനത്തിലെ തുക അടയ്ക്കുന്നതിനായി 23-4-2022-ലെ സ.ഉ.(സാധാ)നം.3136/2022/ധന.ഉത്തരവ് പ്രകാരം 2022-23-ലെ ധനാഭ്യർത്ഥനയിലും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലും 2055-001-86-Spectrum Charges എന്ന പുതിയ ശീർഷകം അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് 7-1-2023-ലെ സ.ഉ.(സാധാ)നം.130/2023/ധന. ഉത്തരവ് പ്രകാരം 2055-001-86-Spectrum Charges എന്ന ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം 3,02,40,000 രൂപ (മൂന്ന് കോടി രണ്ട് ലക്ഷത്തി നാല്പതിനായിരം) അധിക ധനാനുമതിയായി നല്കിയിട്ടുണ്ട്.

ആഭ്യന്തര (ഇ) വകുപ്പിൽ നിന്നും 6-12-2024-ലെ ഇ 4/387/2022/ആഭ്യന്തരം കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 197 ശിപാർശയിന്മേലുള്ള നടപടിപത്രിക സമിതിയുടെ 25-2-2025-ലെ യോഗം പരിഗണിക്കുകയും കാലതാമസപത്രിക 18-3-2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം.5584/സബ്.സി.ഡി2/2023/ലെജി.)

ശിപാർശ

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ

കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വേതനം, ഓഫീസ് വാടക, വൈദ്യുതി ചാർജ്ജ്, മറ്റിനങ്ങൾ എന്നീ ചെലവുകൾക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 18)

സ്വീകരിച്ച നടപടി

കേരള ഡെവലപ്‌മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ വേതന ഇനത്തിൽ 1,71,000 രൂപ (ഒരു ലക്ഷത്തി എഴുപത്തിയൊന്നായിരം രൂപ) (കൺസോളിഡേറ്റഡ് പേ 1,39,000 + ദിവസ വേതനം 32,000) 29-4-2024-ലെ സ.ഉ.(സാധാ)നം.3706/2024/ധന. മുഖേന അന്തിമ ധനപുനഃവിനിയോഗത്തിലൂടെ ലഭിച്ചു.

ശിപാർശ

3451-00-092-92-34-03—മറ്റ് ചെലവുകൾ-മറ്റിനം

2023-24 സാമ്പത്തിക വർഷത്തിൽ കെ-ഡിസ്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 52 കോടി രൂപധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 19)

സ്വീകരിച്ച നടപടി

കേരള ഡെവലപ്‌മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന് 3451-00-092-92-34-03-മറ്റ് ചെലവുകൾ-മറ്റിനം എന്ന പദ്ധതിയിനത്തിലെ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 13.25 കോടി രൂപയ്ക്ക് പുറമെ ഉപധനാഭ്യർത്ഥനയിലൂടെ

ലഭിച്ച 5 കോടി രൂപയും അധിക ധനാനുമതിയായി ലഭിച്ച 5 കോടി രൂപയിൽ ചെലവഴിച്ച 4.5881 കോടി രൂപ 29-4-2024-ലെ സ.ഉ.(സാധാ)നം.3706/2024/ധന. മുഖേന അന്തിമ ധനപുനഃവിനിയോഗത്തിലൂടെ ക്രമീകരിച്ചതുമുൾപ്പെടെ ആകെ 9.5881 കോടി രൂപ അധികമായി ലഭിച്ചു.

<u>ശിപാർശ</u>

3451-00-092-87—<u>നോളജ് ഇക്കോണമി ഫണ്ട്</u>

കേരള സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുകയും സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കായി അറിവ് ഉൽപ്പാദിപ്പിക്കുകയും ഉപയോഗിക്കുകയും പങ്കിടുകയും ചെയ്യുന്ന ഒന്നാക്കി സംസ്ഥാനത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് നോളജ് ഇക്കോണമി മിഷൻ (കെ.കെ.ഇ.എം.) പ്രവർത്തിക്കുന്നത്. 2026-ഓടെ പ്രാദേശികവും അന്തർദേശീയവുമായ തലങ്ങളിൽ പ്രാദേശിക ആവശ്യകതകൾ സൃഷ്ടിക്കുകയും തൊഴിൽ സൗകര്യമൊരുക്കുകയും ചെയ്യുന്നതിലൂടെ 20 ലക്ഷം പേർക്ക് തൊഴിൽ നൽകുവാനാണ് മിഷൻ ലക്ഷ്യമിടുന്നത്. ആയതിനാൽ നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ ഈ ശീർഷകത്തിൽ 148 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 20)

<u>സ്വീകരിച്ച നടപടി</u>

കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന് 3451 -00-092-87-നോളജ് ഇക്കോണമി ഫണ്ട് എന്ന പദ്ധതിയിനത്തിലെ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 11.75 കോടി രൂപയ്ക്ക് പുറമെ ഉപധനാഭ്യർത്ഥനയിൽ ലഭിച്ച 10 കോടി രൂപയും അധിക ധനാനുമതിയിലൂടെ ലഭിച്ച 10 കോടി രൂപയിൽ ചെലവഴിച്ച 9.6063 കോടി രൂപ 29-4-2024-ലെ സ.ഉ.(സാധാ)നം.3706/2024/ധന. മുഖേന അന്തിമ ധനപുനഃവിനിയോഗത്തിലൂടെ ക്രമീകരിച്ചതുൾപ്പെടെ ആകെ 19.6063 കോടി രൂപ അധികമായി ലഭിച്ചു.

ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പിൽ നിന്നും 13-8-2024-ലെ ഡി2/76/ 2023-പ്ലാനിംഗ് കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 18, 19, 20 ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ സമിതിയുടെ 9-10-2024-ലെ യോഗം അംഗീകരിക്കുകയും കാലതാമസ പത്രിക 8-10-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**പിണറായി വിജയൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2025, ഒക്ടോബർ 4

<u>അനുബന്ധം I</u>

## 24-6-2024-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2024 ജൂൺ മാസം 24-ാം തീയതി, തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം വൈകുന്നേരം 5.20-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. മാത്യു ടി. തോമസ്
5. ശ്രീ. ടി.പി. രാമകൃഷ്ണൻ
6. ശ്രീ. വി. ഡി. സതീശൻ
7. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
8. ശ്രീ. തോമസ് കെ. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി,
   ആഭ്യന്തര വകുപ്പ്.
2. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി,
   ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി,
   പൊതുഭരണ വകുപ്പ് & (ഇൻ-ചാർജ്ജ്) ആഭ്യന്തര വകുപ്പ്.

4. ശ്രീ. പുനീത് കുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

5. ശ്രീ. രബീന്ദ്രകുമാർ അഗർവാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്.

7. ശ്രീ. എസ്. ദർവേഷ് സാഹിബ്, ഡയറക്ടർ ജനറൽ ഓഫ് പോലീസ് &സ്റ്റേറ്റ് പോലീസ് ചീഫ്.

8. ശ്രീ. കെ. പത്മകുമാർ, ഡയറക്ടർ ജനറൽ, കേരള ഫയർ ആൻഡ് റസ്ക്യൂ സർവീസസ്.

9. ശ്രീമതി ഹർഷിത അട്ടല്ലൂരി, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ഹെഡ്ക്വാർട്ടേഴ്സ്.

10. ശ്രീ. കെ. മുഹമ്മദ് വൈ. സഫിറുള്ള, സ്പെഷ്യൽ സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്.

11. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

12. ശ്രീ. സജീവ് ഇ. പി., സ്പെഷ്യൽ സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്.

13. ശ്രീ. അനീഷ് റ്റി., അഡീഷണൽ സെക്രട്ടറി & അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്.

14. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

15. ശ്രീ. സുനിൽ കുമാർ കെ., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ (RKI) വകുപ്പ്.

16. ശ്രീ. ദിലീപ് സി. ഡി., അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

17. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്.

18. ശ്രീ. പ്രതാപ ചന്ദ്രൻ, അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്.

19. ശ്രീമതി ഹെലീന തോമസ് വി., അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്.

20. ശ്രീമതി ബിനി കെ. എബ്രഹാം, അഡീഷണൽ സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

21. ശ്രീ. രാജേഷ് കുമാർ എം., അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

22. ശ്രീമതി ബിന്ദു സി. വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്.

23. ശ്രീ. ഉദയകുമാർ എസ്. ആർ., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ-പരിഷ്കാര വകുപ്പ്.

24. ശ്രീ. റൂസി ആർ. എസ്., ജോയിന്റ് സെക്രട്ടറി, തിരഞ്ഞെടുപ്പ് വകുപ്പ്.

25. ശ്രീമതി ദീപ ശിവദാസൻ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

26. ശ്രീമതി മിനിറാണി കെ., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ - പരിഷ്കാര വകുപ്പ്.

27. ശ്രീമതി സ്മിത എസ്., ജോയിന്റ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്.

28. ശ്രീമതി സിനി ബാബു, ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ -പരിഷ്കാര വകുപ്പ്.

29. ശ്രീമതി ലീന എ., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

30. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

31. ശ്രീ. ഉല്ലാസൻ പി., ജോയിന്റ് സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

32. ശ്രീ. വിനോദ് കുമാർ എം.കെ., ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്.

33. ഡോ. ബിവീഷ് യു.സി., ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്.

34. ശ്രീ. പി. ശ്രീകുമാർ, ഡയറക്ടർ (BPE), ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

35. ശ്രീ. ഹരികുമാർ കെ., ഡയറക്ടർ, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് (PIEMD)

36. ക്യാപ്റ്റൻ വിനോദ് മാത്യു (റിട്ട.) ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സൈനിക് വെൽഫെയർ.

37. ശ്രീ. മനോജ് എൻ.കെ., ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്.

38. ശ്രീ. ബി. എസ്. പ്രകാശ്, സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

39. ശ്രീമതി റീന വർഗ്ഗീസ്, സീനിയർ ഫിനാൻസ് മാനേജർ,സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

40. ശ്രീ. സുരേഷ് കുമാർ റ്റി., അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സൈനിക് വെൽഫെയർ.

41. ശ്രീ. രഞ്ജിത്ത് എൻ. കെ., ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി.

42. ശ്രീമതി മേരി മാർഗരറ്റ് പ്രകാസ്യ, കൺട്രോളർ, സ്റ്റേഷനറി വകുപ്പ്.

43. ശ്രീ. മനോജ് കുമാർ പിള്ള, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ.

44. ശ്രീ. ഉദയകുമാർ എസ്., കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTF)

46. ശ്രീമതി അനില എൽ., ഡെപ്യൂട്ടി രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ.

47. ശ്രീ. പ്രദീപ് കുമാർ ആർ., ഫിനാൻസ് ഓഫീസർ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSIE)

48. ശ്രീമതി ഷീജ എസ്. ജി., ഫിനാൻസ് ഓഫീസർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, തിരുവനന്തപുരം.

സമിതി, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കിയിട്ടുള്ള നടപടിസ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ, കരട് റിപ്പോർട്ടുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I. കരട് ചട്ടങ്ങളുടെ പരിഗണന

### 1. The Kerala State and Subordinate Services (...... Amendment) Rules, 2024 (K.S. & S.S.R., Part I, Schedule List III ഭേദഗതി സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ്1/121/2023-ഉഭപവ., തീയതി 9-5-2024)

(ഫയൽ നം. 8488/സബ്.സി.ഡി2/24/ലെജി.)

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങളിലെ ഭാഗം I-ലെ ഷെഡ്യൂൾ ലിസ്റ്റ് III പ്രകാരമുള്ള സംസ്ഥാന ഒ. ബി. സി. പട്ടികയിൽ ദാസ, പാർക്കവകുലം എന്നീ സമുദായങ്ങളെ ഉൾപ്പെടുത്തിയും 'ചക്കാല' എന്ന സമുദായപ്പേര് 'ചക്കാല, ചക്കാലനായർ' എന്നും 'പണ്ഡിതാർസ് ' എന്നത് 'പണ്ഡിതാർസ്, പണ്ഡിതർ' എന്നും, 'Senai Thalavar' എന്നത് 'Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania' എന്നുമാക്കി മാറ്റിയ ഉത്തരവുകൾക്കനുസൃതമായി മേൽ സൂചിപ്പിച്ചിരിക്കുന്ന ഷെഡ്യൂൾ ലിസ്റ്റ് III-ൽ ഭേദഗതികൾ വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

### 2. The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2024

(സർക്കാർ കത്ത് നം. ഉപസി1/37/2022/ഉഭപവ., തീയതി 5-2-2024)

(ഫയൽ നം. 9904/സബ്.സി.ഡി2/24/ലെജി.)

നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി, 1971-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) ചട്ടങ്ങളിലെ ചട്ടം 2-ലെ clause-സി-ൽ ഇനം ix, x, xi, xii, xiii എന്നിവയായി യഥാക്രമം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളി ക്ഷേമബോർഡ്, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## 3. The Special Rules for the Personal Staff of the Ministers, the Leader of the Opposition and the Government Chief Whip (Amendment) Rules, 2023

(സർക്കാർ കത്ത് നം. എസ്.എച്ച്.2/160/2017/പൊഭവ, തീയതി 1-11-2023)

(ഫയൽ നം. 18688/സബ്.സി.ഡി2/23/ലെജി.)

ബഹുമാനപ്പെട്ട സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ചിരുന്നവർ പിൽക്കാലത്ത് മന്ത്രി/പ്രതിപക്ഷ നേതാവ്/ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടാൽ അവരുടെ മുൻകാല സേവനകാലം പുതിയ സർവീസിൽ ഇൻക്രിമെന്റ്, ലീവ്, പെൻഷൻ എന്നിവയ്ക്ക് പരിഗണിക്കുന്നതിനായി ബഹു. മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനായി തയ്യാറാക്കിയ കരട് ചട്ടം സമിതി വിശദമായി പരിശോധിച്ചു.

ബഹു. സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ, ഫിനാൻഷ്യൽ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫുകൾ ഒരേ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുന്നവരാണെന്നും ഈ വിഷയത്തിൽ ഫിനാൻഷ്യൽ കമ്മിറ്റികളിലെ ചെയർമാൻമാരുടെ പേഴ്സണൽ സ്റ്റാഫും നിവേദനം സമർപ്പിച്ചിട്ടുള്ളതായി കരട് ചട്ടത്തിന്റെ വിശദീകരണക്കുറിപ്പിൽ സൂചിപ്പിക്കുന്നുണ്ടെന്നും എന്നാൽ കമ്മിറ്റി ചെയർമാൻമാരുടെ പേഴ്സണൽ സ്റ്റാഫിനെ ഈ ആനുകൂല്യം ലഭിക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം സമിതിക്കുള്ള കുറിപ്പിൽ വിശദമാക്കിയിട്ടില്ലെന്നും സമിതി അഭിപ്രായപ്പെടുകയും ഒരേ സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ട മൂന്ന് വിഭാഗങ്ങളിൽ നിന്നും ഒരു വിഭാഗത്തെ മാത്രം ഒഴിവാക്കിയത് അഭികാമ്യമല്ലെന്ന് നിരീക്ഷിച്ച സമിതി ഫിനാൻഷ്യൽ കമ്മിറ്റി ചെയർമാൻമാരുടെ സ്റ്റാഫിലുള്ളവരെക്കൂടി കരട് ചട്ടത്തിൽ ഉൾപ്പെടുത്തുന്നത് വകുപ്പ് പരിശോധിക്കണമെന്നും ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## 4. The Kerala Statistics and Economics Service (Amendment) Rules

(സർക്കാർ കത്ത് നം.PLGEA-B3/15/2023-PLGEA, തീയതി 18-1-2024)

(ഫയൽ നം. 1271/സബ്.സി.ഡി2/24/ലെജി.)

പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേര് The Kerala Statistics and Economics Service (Amendment) Special Rules, 2024 എന്നാക്കി മാറ്റണമെന്ന നിർദ്ദേശത്തോടുകൂടി അംഗീകരിക്കുകയും ചെയ്തു.

**5. The Special Rules in respect of certain categories of posts in the Department of Sainik Welfare, 2021**

(സർക്കാർ കത്ത് നം. SW2/104/2022/SWD, തീയതി, 2-9-2023)

(ഫയൽ നം. 19383/സബ്.സി.ഡി2/21/ലെജി.)

സംസ്ഥാനത്തെ സൈനികക്ഷേമവകുപ്പിന്റെ സ്ഥാപന ചെലവുകൾ, ശമ്പളം, അലവൻസുകൾ എന്നിവയുടെ 60% കേന്ദ്രസർക്കാർ വഹിച്ചുവരുന്ന സാഹചര്യത്തിൽ സൈനികക്ഷേമ ഡയറക്ടർ, ജില്ലാ സൈനികക്ഷേമ ഓഫീസർ എന്നിവയുടെ നിയമനത്തിന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതായുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾക്ക് വകുപ്പിൽ നിന്നും തന്നെ പ്രൊമോഷൻ നൽകുന്ന വ്യവസ്ഥയും, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് ജൂനിയർ സൂപ്രണ്ട് കാറ്റഗറിയിൽ നിന്നും ഉദ്യോഗസ്ഥരില്ലാത്തപക്ഷം ബൈട്രാൻസ്ഫർ മുഖേന ഹെഡ്ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ്/വെൽഫെയർ ഓർഗനൈസർ എന്നീ തസ്തികകളിൽ നിന്നും നിയമനം നടത്തുന്നതിനുമുള്ള വ്യവസ്ഥകളാണ് പ്രസ്തുത കരട് ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ " 2021" എന്നതിനുപകരം " 2024" എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

**II. സാധൂകരണം നൽകിയ ചട്ടം.**

**1. കേരള പി.എസ്.സി.-ക്ക് ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികളുടെ പ്രമാണ പരിശോധന നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം (SRO No. 1387/2023)**

(സർക്കാർ കത്ത് നം. ഉപസി3/53/21/ഉഭപവ, തീയതി 12-1-2024 & 14-5-2024)

(ഫയൽ നം. 1161/സബ്.സി.ഡി2/2024/ലെജി.)

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

**III. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന**

2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന ഖണ്ഡികകളുമായി ബന്ധപ്പെട്ട നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 5584/സബ്.സി.ഡി2/2023/ലെജി.)

| | |
|---|---|
| 1 | ദുരന്തനിവാരണ (ബി) വകുപ്പ് (ഖണ്ഡിക നം. 125)<br>സർക്കാർ കത്ത് നം. DMB1/143/2023-DMD, തീയതി 26-7-2023 |
| 2 | ശാസ്ത്രസാങ്കേതിക (എ) വകുപ്പ് (ഖണ്ഡിക നം. 108-112)<br>സർക്കാർ കത്ത് നം. എ 2/35/2023-എസ്സ്.&റ്റി.ഡി., തീയതി 20-9-2023 |
| 3 | ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ് (ഖണ്ഡിക നം. 51-53)<br>സർക്കാർ കത്ത് നം. ഇഎ 1/38/2023, തീയതി 8-11-2023 |
| 4 | നിയമ (പാർല) വകുപ്പ് (ഖണ്ഡിക നം. 7, 8, 16, 30-32, 35, 36, 41, 43, 47, 104)<br>സർക്കാർ കത്ത് നം. 204/പാർല/2023/നിയമം, തീയതി 8-1-2024 |
| 5 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് (ഖണ്ഡിക നം. 17)<br>സർക്കാർ കത്ത് നം. PLGEA-BPE2/06/2024-PLGEA, തീയതി 31-1-2024 |
| 6 | തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് (ഖണ്ഡിക നം. 50, 54)<br>സർക്കാർ കത്ത് നം. ഇ.എം2/35/2023-തസ്വഭവ, തീയതി 26-3-2024 |
| 7 | ആഭ്യന്തര (സി) വകുപ്പ് (ഖണ്ഡിക നം. 25 -29, 33, 34, 37, 39, 40, 42, 44, 45, 46, 48)<br>സർക്കാർ കത്ത് നം. സി3/125/2023/ആഭ്യന്തരം, തീയതി 5-4-2024 |
| 8 | ആഭ്യന്തര (ഇ) വകുപ്പ് (ഖണ്ഡിക നം. 55 -73, 113 -115)<br>സർക്കാർ കത്ത് നം. ഇ 2/158/2023, തീയതി 5-4-2024 & 18-5-2024 |
| 9 | ആസൂത്രണ സാമ്പത്തികകാര്യ(ആർ.കെ.ഐ.)വകുപ്പ് (ഖണ്ഡിക നം. 126-128)<br>സർക്കാർ കത്ത് നം. ആർ.കെ.ഐ 3/10/2023/ആസാവ, തീയതി 19-4-2024 |

| | |
|---|---|
| 10 | പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് (ഖണ്ഡിക നം. 21, 22)<br>സർക്കാർ കത്ത് നം. PIEM1/104/2023/PIEMD, തീയതി 22-4-2024 |
| 11 | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (ഖണ്ഡിക നം. 3)<br>സർക്കാർ കത്ത് നം. സ്പെഇ 1/56/2023/പൊഭവ, തീയതി 25-4-2024 |
| 12 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AR11) വകുപ്പ് (ഖണ്ഡിക നം. 10)<br>സർക്കാർ കത്ത് നം. എ.ആർ 11-1/3/2023/ഉഭപവ, തീയതി 30-4-2024 |
| 13 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AR12) വകുപ്പ് (ഖണ്ഡിക നം. 38, 49)<br>സർക്കാർ കത്ത് നം. എ.ആർ 12-2/30/2024/ഉഭപവ, തീയതി 9-5-2024 |
| 14 | പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ് (ഖണ്ഡിക നം. 1, 2, 4, 5, 6, 11, 14, 15)<br>സർക്കാർ കത്ത് നം. ബി.ഡബ്യൂ2/11/2024/പൊഭവ, തീയതി 18-5-2024 |
| 15 | വിജിലൻസ് (സി) വകുപ്പ് (ഖണ്ഡിക നം. 74 -86)<br>സർക്കാർ കത്ത് നം. സി3/153/2023-വിജി, തീയതി 15-5-2024 |
| 16 | പാർലമെന്ററികാര്യ (എ) വകുപ്പ് (ഖണ്ഡിക നം. 9)<br>സർക്കാർ കത്ത് നം.പി.എ.ഡി.എ 2/7/2023/പി.എ.ഡി, തീയതി 20-5-2024 |
| 17 | ആഭ്യന്തര (ബി) വകുപ്പ് (ഖണ്ഡിക നം. 87-97)<br>സർക്കാർ കത്ത് നം. ബി2/149/2023/ആഭ്യന്തരം, തീയതി 20-5-2024 |
| 18 | ആഭ്യന്തര (എഫ്) വകുപ്പ് (ഖണ്ഡിക നം. 101-103)<br>സർക്കാർ കത്ത് നം. എഫ്2/122/2023/ആഭ്യന്തരം, തീയതി 24-5-2024 |
| 19 | സ്റ്റോർ പർച്ചേസ് (സി) വകുപ്പ് (ഖണ്ഡിക നം. 98, 99, 100, 106, 107)<br>സർക്കാർ കത്ത് നം. സി3/100/2023/എസ്.പി.ഡി., തീയതി 28-5-2024 |
| 20 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് (ഖണ്ഡിക നം.105)<br>സർക്കാർ കത്ത്നം. ഒ.എൽ.1/37/2023/പി&എ.ആർ.ഡി., തീയതി 6-6-2024 |

**IV. വാർഷികപ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള കാലതാമസ പത്രികകളുടെ പരിഗണന**

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

| | |
|---|---|
| 1. | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 12) വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ)<br>സർക്കാർ കത്ത് നം.എ.ആർ 12-2/51/2023/ഉഭപവ, തീയതി 27-3-2024 |
| 2. | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ (എ) വകുപ്പ് ഇൻഫോപാർക്ക് - കൊച്ചി<br>(സർക്കാർ കത്ത് നം.ഐ.ടി.എ 1/24/2023/ഐടിഡി, തീയതി 15-5-2024) |

**V. കരട് റിപ്പോർട്ടുകളുടെ പരിഗണന**

| ക്രമ നം. | വിഷയം |
|---|---|
| 1. | 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്<br>(ഫയൽ നം. 8005/സബ്.സി.ഡി2/24/നി.സെ.) |
| 2. | 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.<br>(ഫയൽ നം. 5578/സബ്.സി.ഡി2/23/നി.സെ.) |

മേൽ കരട് റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.30-ന് അവസാനിച്ചു.

## 9-10-2024-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV,2024 ഒക്ടോബർ 9-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 3.05-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അഭാവത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവും ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ മറ്റൊരു പ്രത്യേക ക്ഷണിതാവായ ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി
ശ്രീ. പി. രാജീവും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. മാത്യു ടി. തോമസ്
4. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
5. ശ്രീ. തോമസ് കെ. തോമസ്
6. ശ്രീ. രമേശ് ചെന്നിത്തല (വീഡിയോ കോൺഫറൻസിംഗ് മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി. വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
2. ശ്രീ. കെ. ജി. സനൽകുമാർ, സെക്രട്ടറി, നിയമ വകുപ്പ്
3. ഡോ. കെ. വാസുകി, സെക്രട്ടറി, കേരളീയ പ്രവാസികാര്യ വകുപ്പ്

4. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ്

5. ശ്രീമതി സുചിത്ര കെ. ആർ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

6. ശ്രീ. സി. എം. അജയ മോഹൻ, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

7. ശ്രീ. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

8. ശ്രീമതി ഹെലീന തോമസ് വി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

9. ശ്രീമതി രഹന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

10. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

11. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്

13. ശ്രീമതി സിന്ധു എസ്., അഡീഷണൽ സെക്രട്ടറി, കേരളീയ പ്രവാസികാര്യ വകുപ്പ്

14. ശ്രീമതി ബിന്ദു സി. വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്

15. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

16. ശ്രീ. ജനാർദ്ദനൻ കെ., ഡയറക്ടർ, അച്ചടി വകുപ്പ്

17. ശ്രീ. നവീൻ കൃഷ്ണൻ ജി. ഐ., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

18. ശ്രീമതി ഹാത്തിംതായ് എസ്., ജോയിന്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ

19. ശ്രീമതി സ്മിത എസ്., ജോയിന്റ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്

20. ശ്രീ. റൂസി ആർ. എസ്., ജോയിന്റ് സെക്രട്ടറി, തെരഞ്ഞെടുപ്പ് വകുപ്പ്

21. ശ്രീമതി ഗീത ലക്ഷ്മി എം. ബി., സി.ഇ.ഒ., കേരള പ്രവാസി വെൽഫെയർ ബോർഡ്

22. ശ്രീ. എബി ഈപ്പൻ, കമ്പനി സെക്രട്ടറി, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

23. ശ്രീ. സക്കറിയ മാത്യു, രജിസ്ട്രാർ (ഇൻ-ചാർജ്), കേരള ലോകായുക്ത

24. ശ്രീമതി സ്വപ്ന എം., എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

25. ശ്രീ. പ്രമോദ് സി. നായർ, സീനിയർ മാനേജർ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

26. ശ്രീമതി ജലജ കുമാരി എൽ., സീനിയർ ഫിനാൻസ് ഓഫീസർ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയച്ച ബില്ലുകൾ, സമിതിയുടെ പരിശോധനയ്ക്കായി വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കരട് ചട്ടങ്ങൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**I. ബിൽ പരിഗണന**

1. The Kerala Public Service Commission (Additional Functions as Respects certain Corporations and Companies) Amendment Bill, 2024 (Bill No. 190)

2. 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ (ബിൽ നം. 213)

പ്രസ്തുത ബില്ലുകൾ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**II. കരട് ചട്ടങ്ങൾ**

1. The Kerala Service (...... Amendment) Rules, 2024 (കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 20-ൽ ഭേദഗതി)

(സർക്കാർ കത്ത് നം. റൂൾസ് ബി1/52/2022/ധന., തീയതി 20-6-2024)

(ഫയൽ നം. 10868/സബ്.സി.ഡി.2/2024/ലെജി.)

ശാരീരിക/മാനസിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ പ്രത്യേക ആകസ്മികാവധിക്ക് അപേക്ഷിക്കുന്ന ഓരോ ഘട്ടത്തിലും കുട്ടിയെ ചികിത്സിക്കുന്ന ഡോക്ടറിൽ നിന്നും ശാരീരിക/മാനസിക വൈകല്യമുള്ള കുട്ടിയാണെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥ അപ്രായോഗികവും മാതാപിതാക്കൾക്ക് മാനസികമായി ബുദ്ധിമുട്ടുണ്ടാക്കുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ ജീവനക്കാർക്ക് ഈ അവധി അനുവദിച്ച് കിട്ടുന്നതിനായി ഒരു കലണ്ടർ വർഷത്തിന്റെ തുടക്കത്തിൽ അവധി ആവശ്യമുള്ളപ്പോൾ "ഭിന്നശേഷിയുള്ള കുട്ടിയാണ്" എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും ആ കലണ്ടർ വർഷത്തിൽ ഈ അവധി വീണ്ടും ആവശ്യമായി വരുന്ന അവസരത്തിൽ ടി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉപയോഗിക്കുകയും ചെയ്യാം എന്ന തരത്തിൽ കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 20-ൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. The Kerala Lok Ayukta (Furnishing of property statement) Amendment Rules, 2024

(സർക്കാർ കത്ത് നം. വിജി.സി3/296/2023/വിജി. തീയതി 6-6-2024)

(ഫയൽ നം. 13048/സബ്.സി.ഡി2/24/ലെജി)

1999-ലെ കേരള ലോകായുക്ത നിയമം 22-ാം വകുപ്പ് പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ ഒഴികെയുള്ള എല്ലാ പൊതുസേവകരും തങ്ങളുടെയും തങ്ങളുടെ കുടുംബാംഗങ്ങളുടെയും ആസ്തി ബാധ്യതകൾ സംബന്ധിച്ച ഒരു പത്രിക രണ്ട് വർഷത്തിലൊരിക്കൽ കേരള ലോക് ആയുക്തയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു വർഷം ശരാശരി അറുപതിനായിരത്തോളം പത്രികകൾ അപ്രകാരം സമർപ്പിക്കപ്പെടുന്നതിനാൽ അവ സൂക്ഷിക്കുന്നതിന് ലോക് ആയുക്ത കാര്യാലയത്തിലെ വലിയൊരളവ് സ്ഥലം ആവശ്യമായി വരുന്നുവെന്നും, നിലവിലെ ചട്ടത്തിൽ കാലഹരണപ്പെട്ട പത്രികകൾ നശിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഫയൽ

ചെയ്ത് ആറ് വർഷം പിന്നിട്ടിട്ടുള്ളതും തുടർന്നും സൂക്ഷിക്കുന്നതിന് ഏതെങ്കിലും അധികാരസ്ഥാനം നിർദ്ദേശിച്ചിട്ടില്ലാത്തതുമായ പത്രികകൾ നശിപ്പിക്കുന്നതിന് പുതിയ ഒരു വ്യവസ്ഥ നിലവിലുള്ള ചട്ടങ്ങളിൽ വരുത്തുന്നതിനുള്ള കരട് ഭേദഗതിയാണ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കാലഹരണപ്പെട്ട പത്രികകൾ നശിപ്പിക്കുമ്പോൾ അവയുടെ സോഫ്റ്റ് കോപ്പി സൂക്ഷിക്കുന്നതിന്റെ സാധ്യത സംബന്ധിച്ചും ലോക്പാൽ ചട്ടങ്ങളിൽ കാലഹരണപ്പെട്ട പത്രികകൾ സൂക്ഷിക്കുന്നത് സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത കരട് ചട്ടത്തിന്റെ പരിഗണന മാറ്റി വയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

3. The Special Rules for the Personal Staff of the Ministers, the Leader of the Opposition and the Government Chief Whip (Amendment) Rules, 2023

(സർക്കാർ കത്ത് നം. എസ്. എച്ച്.2/160/2017-പൊ.ഭ.വ., തീയതി 1-11-2023 & 31-8-2024)

(ഫയൽ നം. 18688/സബ്.സി,ഡി2/24/ലെജി.)

ബഹു. സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ സേവനം അനുഷ്ഠിക്കുന്നവർ, മന്ത്രി/പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടാൽ മുൻകാല സേവനം കൂടി കണക്കാക്കി ഇൻക്രിമെന്റ്, ലീവ്, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി തയ്യാറാക്കിയ കരട് ചട്ടത്തിൽ ഫിനാൻഷ്യൽ കമ്മിറ്റി ചെയർമാൻമാരുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്നവരെ കൂടി ഉൾപ്പെടുത്തുന്നത് പരിശോധിക്കണമെന്ന് സമിതിയുടെ 24-6-2024-ലെ യോഗത്തിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതായും കരട് ചട്ടത്തിൽ ഫിനാൻഷ്യൽ കമ്മിറ്റി ചെയർമാൻമാരുടെ പേഴ്സണൽ സ്റ്റാഫിനെ ഉൾപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തതായി വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

പ്രസ്തുത കരട് ചട്ടവും സർക്കാർ റിപ്പോർട്ടും സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ "2023" എന്നതിനുപകരം "2024" എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

## III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റു കളുടെയും കാലതാമസ പത്രികകളുടെയും പരിഗണന

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ചുവടെ ചേർത്തിരിക്കുന്ന സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസ പത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം. 11793/സബ്.സി.ഡി2/22/ലെജി.)

1) ആഭ്യന്തര (സി) വകുപ്പ് (ഖണ്ഡിക നം. 21, 38, 196) കാലതാമസപത്രിക സഹിതം

(സർക്കാർ കത്ത് നം. സി3/96/2023/ആഭ്യന്തരം, തീയതി 30-7-2024)

2. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം. 5584/സബ്.സി.ഡി2/23/ലെജി.)

1) ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് (ഖണ്ഡിക നം. 18, 19, 20) കാലതാമസപത്രിക സഹിതം

(സർക്കാർ കത്ത് നം. ഡി2/76/2023-പ്ലാനിംഗ്, തീയതി 13-8-2024)

## IV വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള കാലതാമസപത്രികകളുടെ പരിഗണന

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടിനോടൊപ്പം ചുവടെ ചേർത്തിരിക്കുന്ന വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 1094/സബ്സിഡി2/2024/ലെജി.)

1. ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്

(സർക്കാർ കത്ത് നം. ഇ.എ 1/46/2024/ഇലക്, തീയതി 5-8-2024 & 21-8-2024)

2. ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

(കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ)

(സർക്കാർ കത്ത് നം.എ 2/70/2024/എസ്സ് & റ്റി.ഡി.,തീയതി 16-8-2024 & 25-9-2024)

3. ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്

(കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)

(സർക്കാർ കത്ത് നം.ഡി2/11/2024, തീയതി 13-8-2024 & 26-9-2024)

2009-ലെ കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് റിക്രൂട്ട്മെന്റ് റൂൾസ് 2014, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ/നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തത് എന്നീ വിഷയങ്ങൾ സംബന്ധിച്ച് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ഫയലുകളുടെ പരിഗണന മാറ്റിവയ്ക്കുവാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.30-ന് അവസാനിച്ചു.

## 17-2-2025-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2025 ഫെബ്രുവരി 17-ാം തീയതി, തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ
3. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
4. ശ്രീ. വി. ജോയി (വീഡിയോ കോൺഫറൻസ് മുഖേന)
5. ശ്രീ. വി. ഡി. സതീശൻ "
6. ശ്രീ. തോമസ് കെ. തോമസ് "

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
4. ശ്രീ. പുനീത് കുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
5. പ്രൊഫ. കെ. പി. സുധീർ, പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര-സാങ്കേതിക വകുപ്പ്
6. ഡോ. രത്തൻ യു. ഖേൽക്കർ, സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വകുപ്പ്
7. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. സാജു എസ്., സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ
9. ശ്രീ. സാജു ജോർജ്ജ്, സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ
10. ഡോ. കെ. വാസുകി, സ്പെഷ്യൽ സെക്രട്ടറി, നോർക്ക വകുപ്പ്
11. ശ്രീ. കെ. പത്മകുമാർ, ഡയറക്ടർ ജനറൽ, ഫയർ ആൻഡ് റസ്ക്യൂ സർവീസസ് വകുപ്പ്
12. ശ്രീ. സുഭാഷ് ടി. വി., ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
13. ശ്രീ. മുഹമ്മദ് ഷഫീഖ്, ഡയറക്ടർ, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

14. ശ്രീ. മനോജ് എൻ. കെ., ഡയറക്ടർ, ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്

15. ശ്രീ. സന്ദീപ് കുമാർ, ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

16. ശ്രീ. ജയരാജ് ജി., ഡയറക്ടർ, സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ്)

17. ശ്രീ. ബി. സുനിൽ കുമാർ, അഡീഷണൽ സെക്രട്ടറി, നോർക്ക വകുപ്പ്

18. ശ്രീ. ഇർഷാദ് എം. എസ്., അഡീഷണൽ സെക്രട്ടറി പാർലമെന്ററികാര്യ വകുപ്പ്

19. ശ്രീമതി കൃഷ്ണപ്രിയ ഡി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

20. ശ്രീമതി ഗീതാ ലക്ഷ്മി എം. ബി., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

21. ശ്രീ. അജിത് കോലശ്ശേരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്

22. ശ്രീമതി ബി. ഷഫീന, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

23. ശ്രീ. സച്ചിൻ കുമാർ യാദവ്, ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്

24. ശ്രീ. ദിലീപ് കുമാർ ടി. ഐ., സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

25. ശ്രീ. വി. രാമചന്ദ്രൻ പോറ്റി, മാനേജിങ് ഡയറക്ടർ, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് (VIVID) കോർപ്പറേഷൻ ലിമിറ്റഡ്

26. ഡോ. സന്തോഷ് ബാബു, മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) & കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് (KFON)

27. ഡോ. ബൈജു ജോർജ്ജ്, മാനേജിങ് ഡയറക്ടർ, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ്

28. ശ്രീ. ജയകുമാർ ടി., മാനേജർ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

29. ശ്രീ. എ. വി. പ്രദീപ് കുമാർ, രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ), കേരള ഹൈക്കോടതി

30. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ, രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

സമിതി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XVII, XXIII, XXIV, XXVIII, XXXVII എന്നീ നമ്പർ ധനാഭ്യർത്ഥനകളിൽ സമിതിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ/കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ II

### സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

2013-00-101-99-01-4—<u>മന്ത്രിമാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

മന്ത്രിമാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെലവുകൾക്കായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ ഈയിനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2013-00-104-99-13—<u>അതിഥി സൽക്കാര ചെലവുകൾ-ആതിഥേയ/വിനോദ ചെലവുകൾ</u>

അതിഥി സൽക്കാര ചെലവുകൾക്ക് മുൻവർഷം ചെലവായ തുക, അലോട്ട്മെന്റിന്റെ അപര്യാപ്തതയിൽ ബില്ലുകൾ പാസ്സാകാതെ അവശേഷിക്കുന്ന സാഹചര്യം എന്നിവ കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2013-00-800-99—<u>മറ്റ് ഓഫീസ് ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ 2025-26 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2051-00-102-99—<u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത എന്നീ ചെലവുകളിലേക്കും കമ്മീഷന്റെ ആസ്ഥാന ഓഫീസ്, വിവിധ ജില്ലാ/ മേഖലാ ആഫീസുകൾ, പി.എസ്.സി. ഗസ്റ്റ്ഹൗസ് എന്നിവിടങ്ങളിലെ വാട്ടർ ചാർജസ്, ജില്ലാ/മേഖലാ ആഫീസുകളിലെയും പി.എസ്.സി. ഗസ്റ്റ്ഹൗസിലെയും വാടക എന്നിവയുടെ ചെലവുകളിലേക്കും ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ സുരക്ഷിതമായി ജില്ലാ/മേഖലാ ആഫീസുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് തിരികെ എത്തിക്കുന്നതിനുമായി ഒരു ഹെവി ഡ്യൂട്ടി വാഹനം വാങ്ങുന്നതിനും ബഹു. ചെയർമാന്റെ കാലപ്പഴക്കം ചെന്ന ഔദ്യോഗികവാഹനത്തിന് പകരം പുതിയ വാഹനം വാങ്ങുന്നതിനും ഈ വർഷം കാലാവധി പൂർത്തിയാക്കുന്ന 6 പാസഞ്ചർ ഓഫീസ് വാഹനങ്ങൾക്ക് പകരം പുതിയ 6 വാഹനങ്ങൾ വാങ്ങുന്നതിനുമായി തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 15.4 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ - യാത്രാബത്ത | 1 കോടി രൂപ |
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 7 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 15 ലക്ഷം രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ | 1.4999 കോടി രൂപ |

**കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും വിരമിച്ച അംഗങ്ങളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് സംബന്ധിച്ച ചെലവിലേയ്ക്കുള്ള തുക**

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വിരമിച്ച അംഗങ്ങളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെലവുകൾക്കായി 2025-26 സാമ്പത്തിക വർഷം 1000 രൂപ അനുവദിച്ചിട്ടുണ്ട്. **പ്രസ്തുത ചെലവുകൾക്കായി പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ഡിമാന്റിലെ 2071-01-101-91-വിരമിച്ച പി.എസ്.സി. അംഗങ്ങളുടെ മെഡിക്കൽ റീഇംബേഴ്സമെന്റ്**

**എന്ന ശീർഷകത്തിൽ 99.99 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.**

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 35 ലക്ഷം രൂപ |
| 02—വേതനം (1. ശമ്പളം 2.ക്ഷാമബത്ത, 3-മറ്റ് അലവൻസുകൾ) | 22.56 ലക്ഷം രൂപ |
| 05-2—ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ് | 50 ലക്ഷം രൂപ |
| 24—സാധന സാമഗ്രികൾ | 7 ലക്ഷം രൂപ |
| 34-3—മറ്റു ചെലവുകൾ - മറ്റിനം | 20 ലക്ഷം രൂപ |

2052-00-090-98-04-1—മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫുകൾക്ക് യാത്രാബത്തയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 04-01-യാത്രാബത്ത-യാത്രാ ചെലവുകൾ ഇനത്തിൽ 5 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-090-97—മറ്റ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, ഈ ശീർഷകത്തിലെ 01-4 മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 04-1 യാത്രാബത്ത, 05-4 മറ്റു ചെലവുകൾ എന്നീ കണക്കിനങ്ങളിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ യഥാക്രമം 3 ലക്ഷം രൂപ, 20 ലക്ഷം രൂപ,

20,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-090-95—നിയമവകുപ്പ്

നിയമ വകുപ്പിലെ ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ സെറ്റിൽമെന്റ്, ഗവ.പ്ലീഡർമാരുടെയും നോട്ടറിമാരുടെയും ഓഫീസ് പരിശോധനകളുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് യാത്രാബത്ത, ജുഡീഷ്യൽ ഓഫീസർമാരുടെ സ്ഥലം മാറ്റബത്ത എന്നിവയ്ക്കും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനചെലവ്, പ്രിന്ററുകൾ, ടോണറുകൾ എന്നിവ വാങ്ങുന്നതിനും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 15 ലക്ഷം രൂപ |
| 04-1—യാത്രാ ചെലവുകൾ - യാത്രാബത്ത | 8 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റ ബത്ത | 5 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾസംരക്ഷണവും അറ്റകുറ്റപ്പണികളും | 2 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 2 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | 9 ലക്ഷം രൂപ |

2052-00-090-64-33—കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിനുള്ള സഹായം-സബ്സിഡികൾ

കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിന്റെ പ്രവർത്തനത്തിനായി അനുവദിച്ച തുക, മുൻവർഷത്തെ ചെലവ് എന്നിവ കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-092-93—<u>റസിഡന്റ് കമ്മീഷണറുടെ കാര്യാലയം, ന്യൂഡൽഹി</u>

കേരള ഹൗസിൽ പുതുതായി നിയമിക്കപ്പെട്ട പ്രത്യേക പ്രതിനിധിയുടെ യാത്രാ ബത്ത, കേരള ഹൗസിൽ സ്ഥാപിച്ചിട്ടുള്ള വൈഫൈ കണക്ഷന്റെ പ്രതിമാസ ചെലവ്, ടെലിഫോൺ കണക്ഷനുകൾക്കും എം.ടി.എൻ.എൽ., എഫ്.ടി.ടി.എച്ച്. കണക്ഷനുകൾക്കുള്ള ബില്ലുകൾ, ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപണികൾ, ആതിഥേയ ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാചെലവുകൾ -യാത്രാബത്ത | 6.31 ലക്ഷം രൂപ |
| 05-3—ടെലിഫോൺ ചെലവ് | 15 ലക്ഷം രൂപ |
| 13—ആതിഥേയ/വിനോദ ചെലവുകൾ | 2 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | 1.4 ലക്ഷം രൂപ |

2052-00-092-88—<u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

സംസ്ഥാന വിവരാവകാശ കമ്മീഷനിലെ അടിയന്തര ഓഫീസ് ചെലവുകൾക്കും, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, ഇന്ധനചെലവ്, ഓഫീസ് ചെലവുകൾ, ഫോട്ടോകോപ്പി മെഷീൻ വാടക, ഔദ്യോഗിക സ്റ്റാന്റിംഗ് കൗൺസിലിന് കേസിന്റെ ഫീസ്, പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ, എന്നിവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 3 ലക്ഷം രൂപ |
| 21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും | 2 ലക്ഷം രൂപ |
| 34-3 —മറ്റു ചെലവുകൾ -മറ്റിനം | 6 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 2 ലക്ഷം രൂപ |

2052-00-188-99—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

31—സഹായധനം ശമ്പളം

ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, ലീവ് സറണ്ടർ കുടിശ്ശിക, മുൻ ഡയറക്ടർ ജനറലിന്റെ പേ റിവിഷൻ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 39.41 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-188-99—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

36—സഹായധനം-ശമ്പളേതരം

2025-26 സാമ്പത്തിക വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 25 നിയോജക മണ്ഡലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന സ്റ്റുഡന്റ്സ് സഭ, സ്കൂൾ/കോളേജ് സെമിനാർ, YPC/MPC യുമായി ബന്ധപ്പെട്ട് ട്രെയിനിംഗ്, YPC മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ബെസ്റ്റ് പാർലമെന്റേറിയൻമാർക്കുള്ള ക്യാമ്പ്, പാർലമെന്റ് സന്ദർശനം, ഭരണഘടനാ അവബോധ പരിപാടികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.115 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2251-00-090-99—സെക്രട്ടേറിയറ്റ് സാമൂഹ്യ സർവ്വീസുകൾ

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-090-99—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 45 ലക്ഷം രൂപ |
| 04-2—സ്ഥലം മാറ്റ ബത്ത | 5 ലക്ഷം രൂപ |
| 04-4—അവധി യാത്രാനുകൂല്യം | 4.5 ലക്ഷം രൂപ |

3451-00-090-98—നിയമവകുപ്പിന്റെ നവീകരണം

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സാമൂഹിക - നിയമ അവബോധം, സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം, ചൂഷണം തടയുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികൾ, 2025-26 വർഷത്തിൽ സംസ്ഥാന തലത്തിൽ ഭരണഘടനാ ദിനാഘോഷ പരിപാടികൾ, നിയമവകുപ്പിലെ വകുപ്പുതല ട്രെയിനിംഗ്, ഗവൺമെന്റ് പ്ലീഡർമാരുടെ ട്രെയിനിംഗ്, നിയമവകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതികളായ CCMS, Scanning of old files, Website Upgradation തുടങ്ങിയവയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.13 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-99—മോണിറ്ററിംഗ് യൂണിറ്റ്

സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികളുടേയും എൽ.എ.ഡി. പദ്ധതികളുടേയും നിരീക്ഷണത്തിനുവേണ്ടി പ്രവർത്തിച്ചുവരുന്ന പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെയും, പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതു വഴി നിയമിതരായ ജില്ലാ വികസന കമ്മീഷണർമാരുടെയും ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനും ജില്ലാ വികസന കമ്മീഷണർമാരായി നിയമിച്ചിട്ടുള്ള

ഐ.എ.എസ്. ഉദ്യോഗസ്ഥർക്കും, പ്രസ്തുത ഉദ്യോഗസ്ഥരുടെ, വകുപ്പ് മേധാവിയുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനും ടൂർ ടി.എ., ട്രാൻസ്ഫർ ടി.എ. മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ്, ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, എന്നിവയ്ക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 82.49 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-95—<u>ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്</u>

34-3—<u>മറ്റ് ചിലവുകൾ-മറ്റിനം</u>

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടറുടെ ശമ്പളവും മറ്റ് അലവൻസുകളും, ഡയറക്ടറുടെ ഉപയോഗത്തിനായി വാടകയ്ക്കെടുത്ത വാഹനത്തിന്റെ തുക എന്നിവ നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ (ഇന്നൊവേഷൻ ചലഞ്ച് ഫണ്ട്</u>

34-3—<u>മറ്റു ചെലവുകൾ - മറ്റിനം</u>

2025-26 സാമ്പത്തിക വർഷത്തിൽ കെ-ഡിസ്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന യങ് ഇന്നൊവേറ്റേർസ് പ്രോഗ്രാം, മഴവില്ല്, മഞ്ചാടി, ഒരു ജില്ല ഒരു ആശയം, ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസബിലിറ്റി തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ</u>

കെ.ഡിസ്കിന് വേതനം, വൈദ്യുതി ചെലവ്, ഓഫീസ് വാടക, മറ്റിനങ്ങൾ എന്നിവയിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരേ താഴെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | |
|---|---|
| | ആവശ്യപ്പെടുന്ന തുക |
| 02—വേതനം | 6 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 8 ലക്ഷം രൂപ |
| 05-4—മറ്റിനം | 7 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 54 ലക്ഷം രൂപ |

3451-00-092-87—നോളജ് ഇക്കോണമി ഫണ്ട്

കെ.ഡിസ്കിൽ അർപ്പിതമായ ലക്ഷ്യങ്ങളുടെ കാര്യക്ഷമമായ നിർവഹണത്തിന് കേരള നോളജ് ഇക്കണോമി മിഷൻ (കെ.കെ.ഇ.എം.) ഉൾപ്പെടെയുള്ള നോളജ് ഇക്കണോമി ഫണ്ടിന് കീഴിലുള്ള ഇലക്ട്രിക് വെഹിക്കിൾ ഗ്രീൻ എനർജി പ്രോഗ്രാമുകൾ, ഗ്രീൻ എനർജി പ്രോഗ്രാം, കേരള ജീനോം ഡാറ്റാ സെന്റർ, കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം, സെന്റർ ഫോർ എക്സലൻസ് ഇൻ മൈക്രോബയം, സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രോസ്യൂട്ടിക്കൽസ്, കാർബൺ ന്യൂട്രൽ കോഫി, (വയനാട്) പദ്ധതികൾക്കും, കേരള നോളജ് ഇക്കോണമി മിഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-83—പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം

സംസ്ഥാനതല മോണിറ്ററിംഗ് യൂണിറ്റ് ശക്തിപ്പെടുത്താനും അവലോകന യോഗങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതിനും, സോഫ്റ്റ് വെയർ വികസനത്തിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും, സ്റ്റേഷനറി വാങ്ങുന്നതിനും ജില്ലാ വികസന കമ്മീഷണർമാരുടെ വാഹന വാടക നൽകുന്നതിനും

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.815 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-101-98—ജില്ലാ ആസൂത്രണ സമിതികൾ/ ജില്ലാ വികസന കൗൺസിലുകൾ

ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടർ, പ്രിന്റർ, എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.3 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092—(പുതിയ ശീർഷകം)-വിജ്ഞാന കേരളം-ജനകീയ ക്യാമ്പയിൻ

ബഹു. ധനകാര്യ മന്ത്രിയുടെ 2025-26 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വിജ്ഞാന കേരളം - ജനകീയ ക്യാമ്പയിൻ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം 40 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ III

### നീതിന്യായ നിർവഹണം

2014-00-102-99—ഹൈക്കോടതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും മുൻജഡ്ജിമാരുടെയും ക്യാഷ്‌ലെസ്സ് മെഡിക്കൽ സംവിധാനം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെലവുകൾ, വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനായി ജഡ്ജിമാർ നടത്തുന്ന യാത്രകളുടെ ചെലവുകൾ, മറ്റുചെലവുകൾ, വാഹനങ്ങൾ വാങ്ങൽ, പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 40 ലക്ഷം രൂപ |
| 04—യാത്രാ ചെലവുകൾ - യാത്രാബത്ത | 30 ലക്ഷം രൂപ |
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 4.69 ലക്ഷം രൂപ |
| 05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ് | 96.04 ലക്ഷം രൂപ |
| 05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ | 1 കോടി രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ | 7.64 കോടി രൂപ |
| 34-3—മറ്റു ചെലവുകൾ-മറ്റിനം | 30 ലക്ഷം രൂപ |
| 91—പരിശീലനം | 1 കോടി രൂപ |
| 99—വിവരസാങ്കേതികവിദ്യ | 62.58 ലക്ഷം രൂപ |

2014-00-102-97—ഹൈക്കോടതി കമ്പ്യൂട്ടർവൽക്കരണം

ഹൈക്കോടതിയിൽ കാലഹരണപ്പെട്ട ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ തുടങ്ങിയവ മാറ്റി വാങ്ങുന്നതിനും, ഹെവി ഡ്യൂട്ടി മൾട്ടിഫംഗ്ഷൻ ഡിവൈസുകൾ വാങ്ങുന്നതിനും, ലീസ്ഡ് ലൈൻ ഇന്റർനെറ്റ് കണക്ടിവിറ്റി ചാർജ്ജ് മുതലായവയ്ക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.3143 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-103-96—അതിവേഗ പ്രത്യേക പോക്സോ കോടതികളുടെ സ്ഥാപനം (60% കേന്ദ്രാവിഷ്കൃതം) (01) പോക്സോ കേസുകളുടെ വിചാരണക്കായി ഫാസ്റ്റ് ട്രാക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കൽ

06—വാടക, കരം, നികുതി

പോക്സോ കോടതികളിലെ ഏകദേശം 55 ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക നൽകുന്നതിനും വാടക കുടിശ്ശിക നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-103-96—അതിവേഗ പ്രത്യേക പോക്സോ കോടതികളുടെ സ്ഥാപനം (60% കേന്ദ്രാവിഷ്കൃതം) (01) പോക്സോ കേസുകളുടെ വിചാരണക്കായി ഫാസ്റ്റ് ട്രാക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കൽ

34-3—മറ്റു ചെലവുകൾ - മറ്റിനം

പുതുതായി അനുവദിച്ച ഫാസ്റ്റ്ട്രാക്ക് പ്രത്യേക കോടതികളിൽ വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ 2.3 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2025-26 വർഷത്തെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 1.5 കോടി രൂപ |
| 04-1—യാത്രാചെലവുകൾ-യാത്രാബത്ത | 80 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 80 ലക്ഷം രൂപ |
| 21-1—വാഹനങ്ങൾ വാങ്ങൽ | 12 ലക്ഷം രൂപ |

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

ആലപ്പുഴ, കോട്ടയം, മൂവാറ്റുപുഴ എന്നിവിടങ്ങളിലെ MACT-കളുടെ ആവശ്യത്തിലേക്കായി 12 ലക്ഷം രൂപ നിരക്കിൽ 3 വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി

സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഭരണാനുമതി ലഭിക്കുന്നപക്ഷം വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 36 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-108-99—ക്രിമിനൽ കോടതികൾ

ജഡ്ജിമാരുടെയും ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെലവുകൾ, ജഡ്ജിമാരുടെ ട്രെയിനിങ്ങിനുള്ള യാത്രാബത്ത, നോട്ടീസ് നൽകുന്നതിനുള്ള യാത്രാബത്ത, ക്രിമിനൽ കോടതികളുടെ ദൈനംദിന ഓഫീസ് ആവശ്യങ്ങളുടെ ചെലവ്, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ ആവശ്യത്തിലേക്കായി വാഹനങ്ങൾ വാങ്ങുന്നതിനുള്ള ചെലവ് എന്നിവയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 30 ലക്ഷം രൂപ |
| 04-1—യാത്രാ ചെലവുകൾ-യാത്രാബത്ത | 17 ലക്ഷം രൂപ |
| 05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ | 39.71 ലക്ഷം രൂപ |
| 21-1—വാഹനങ്ങൾ വാങ്ങൽ | 24 ലക്ഷം രൂപ |

2014-00-110-99—അഡ്മിനിസ്ട്രേറ്റേഴ്സ് ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

കാര്യാലയത്തിലെ കെ-ഫോൺ ബിൽ, ഫൈബർ നെറ്റ് ബിൽ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 9000 രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-99—<u>നിയമോപദേഷ്ടാക്കൾ-ലാ ഓഫീസർമാർ</u>

അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഒരു വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നതിനായി 06-വാടക, കരം, നികുതി ഇനത്തിൽ 13 ലക്ഷം രൂപയും 97-വാഹനങ്ങളുടെ വാടക ഇനത്തിൽ 7.20 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-98—<u>ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർ മാർക്കുള്ള ഫീസും</u>

നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടർമാരുടെയും 14 ജില്ലകളിലെ POCSO കോടതികളിലെ 14 സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരുടെയും പ്രതിഫലം, ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളം എന്നിവ നൽകുന്നതിനും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസവേതന ചെലവ്, വാഹനങ്ങൾക്കാവശ്യമായ ഇന്ധന ചെലവ്, ഇൻഷ്വറൻസ് പ്രീമിയം, വാഹനങ്ങളുടെ അറ്റകുറ്റപണികൾ എന്നിവയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.1272 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-97—<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ</u>

സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിലെ ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ, ഓഫീസ് ചെലവ്, യാത്രാപ്പടി, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-96—<u>പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ</u>

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും കേരള ലോക് ആയുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തനചെലവുകൾക്കും വാടക, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-93—<u>കേരള സംസ്ഥാന നിയമസഹായ സമിതി (കെൽസ)</u>

കേരള സംസ്ഥാന നിയമസഹായ സമിതിയുടെ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 2.02 ലക്ഷം രൂപ |
| 04-1—യാത്രാബത്ത | 3 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റ ബത്ത | 4.47 ലക്ഷം രൂപ |
| 04-4—അവധിയാത്രാനുകൂല്യം | 51,000 രൂപ |
| 05-1—വെള്ളക്കരം | 8000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 1.12 ലക്ഷം രൂപ |
| 05-3—ടെലഫോൺ ചെലവ് | 57000 രൂപ |
| 05-4—മറ്റിനങ്ങൾ | 74000 രൂപ |
| 06—വാടക, കരം, നികുതി | 5.07 ലക്ഷം രൂപ |
| 21-2—വാഹനങ്ങൾ-സംരക്ഷണവും, അറ്റകുറ്റപ്പണികളും | 15000 രൂപ |
| 21-3—ഇൻഷ്വറൻസ് | 56000 രൂപ |
| 34-3—മറ്റുചെലവുകൾ | 5.6 കോടി രൂപ |
| 45—പി.ഒ.എൽ. | 23000 രൂപ |
| 97—വാഹനങ്ങളുടെ വാടക | 39.61 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | 9 ലക്ഷം രൂപ |

2014-00-114-92—<u>സ്ഥിര ലോകഅദാലത്ത്</u>

പെർമെനന്റ് ലോകഅദാലത്തിന്റെ ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 6,000 രൂപ |
| 04-1—യാത്രാബത്ത | 12,000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 3,000 രൂപ |
| 05-3—ടെലഫോൺ ചെലവ് | 7,000 രൂപ |
| 05-4—മറ്റിനങ്ങൾ | 25,000 രൂപ |
| 06—വാടക, കരം. നികുതി | 1.40 ലക്ഷം രൂപ |
| 99—വിവരസാങ്കേതികവിദ്യ | 85,000 രൂപ |

2014-00-114-90—<u>പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം</u>

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-116-99—<u>കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി</u>

04-1—<u>യാത്രാചെലവുകൾ-യാത്രാബത്ത</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ചെയർമാൻ ഉൾപ്പെടെ 3 ജുഡീഷ്യൽ അംഗങ്ങൾക്കും 3 അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾക്കും കേന്ദ്ര ട്രൈബ്യൂണൽ (കണ്ടീഷൻസ്

ഓഫ് സർവ്വീസ്) റൂൾസ് 2021 പ്രകാരം അർഹതപ്പെട്ട യാത്രാബത്ത അനുവദിക്കുന്നതിനായി ഈ ഇനത്തിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-116-99—കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി സമഗ്ര കമ്പ്യൂട്ടർവൽക്കരണ പരിപാടി

99—വിവരസാങ്കേതികവിദ്യ

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ തിരുവനന്തപുരം (പ്രിൻസിപ്പൽ ബഞ്ച്), എറണാകുളം (അഡീഷണൽ ബഞ്ച്), തലശ്ശേരി (അഡീഷണൽ ബഞ്ച്) എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ഹൈബ്രിഡ് ഹിയറിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി 40 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-117-99—കുടുംബ കോടതികൾ

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

കുടുംബകോടതികളിലെ ഓഫീസ് ചെലവുകൾ, അഡീഷണൽ കൗൺസിലർമാരുടെ സേവനത്തിനുള്ള വേതനം എന്നിവ നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈശീർഷകത്തിൽ 41.61 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-118-99—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടറുകൾ വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യൽ

പേപ്പർലെസ് കോടതികളുടെ നാലാംഘട്ടം നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-120-99—ഇ-കോടതികൾ സ്ഥാപിക്കൽ

കോടതികളിലെ സാങ്കേതിക ജീവനക്കാരുടെ ശമ്പളത്തിന് 2.7 കോടി രൂപയും WAN കണക്റ്റിവിറ്റി ചാർജസിന് 11 കോടി രൂപയും WAN കണക്റ്റിവിറ്റി ബിൽ നൽകുന്നതിന് 8.6 കോടി രൂപയും നൽകുന്നതിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ 18.3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-94—<u>നിയമസഹായനിധി അംശദാനം</u>

അഭിഭാഷക ക്ഷേമനിധിയുടെയും അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയുടെയും വിരമിക്കൽ ആനുകൂല്യം, പെൻഷൻ, ചികിത്സാ ധനസഹായം, ജൂനിയർ അഭിഭാഷകരുടെ സ്റ്റൈപ്പന്റ് നൽകൽ, നിയമസഹായ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിദ്യാഭ്യാസ ആനുകൂല്യം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2021-22 സാമ്പത്തിക വർഷം വരെ ധനകാര്യ വകുപ്പിൽ നിന്നും നിയമസഹായ നിധിയിലേക്ക് ലഭ്യമാക്കാനുള്ള കുടിശ്ശിക തുകയായ 5722.55 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷത്തെ 1814.91 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തെ 900 ലക്ഷം രൂപയും ഉൾപ്പെടെ 84.3755 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-93—<u>സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക</u>

06—<u>വാടക, കരം, നികുതി</u>

വിചാരണ കോടതികളിലെ ഏകദേശം 170 ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-93—<u>സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക</u>

18—<u>സംരക്ഷണം</u>

റസിഡൻഷ്യൽ ക്വാർട്ടേഴ്സുകളുടെ ശരിയായ പരിപാലനത്തിനായി 14 പ്രിൻസിപ്പൽ ജില്ലാ ജഡ്ജിമാർക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.3 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-91—മനുഷ്യാവകാശ സംരക്ഷണ ആക്ട് 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ, 1998

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

കമ്മീഷനിലെ ചെയർപേഴ്സണും അംഗങ്ങൾക്കും മറ്റ് ജീവനക്കാർക്കും അന്വേഷണ വിഭാഗം ഉദ്യോഗസ്ഥർക്കും ക്ഷാമബത്തകളും 2025 ബജറ്റിൽ പ്രഖ്യാപിച്ച രണ്ട് ഗഡു പേ റിവിഷൻ അരിയർ നൽകുന്നതിനും കമ്മീഷനിലെ ശമ്പളേതര ചെലവുകൾക്കായും അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 31-ശമ്പളയിനത്തിൽ 1.6 കോടി രൂപയും 36-ശമ്പളേതര ഇനത്തിൽ 25 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIV

### സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2058-00-001-99—ഭരണവും നടത്തിപ്പും

സ്റ്റേഷനറി വകുപ്പിന്റെ വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | വകയിരുത്തേണ്ട തുക |
|---|---|
| 01—ശമ്പളം | 1.27 കോടി രൂപ |
| 04—യാത്രാ ചെലവുകൾ | 5 ലക്ഷം രൂപ |
| 05—ഓഫീസ് ചെലവുകൾ | 7.5 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 5 ലക്ഷം രൂപ |
| 21-1—വാഹനം വാങ്ങൽ | 45 ലക്ഷം രൂപ |
| 21-3—വാഹന ഇൻഷ്വറൻസ് | 10000 രൂപ |

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

24—സാധനസാമഗ്രികൾ

2025-26 സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 18-സംരക്ഷണം, 24-സാധനസാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ യഥാക്രമം 2 ലക്ഷം രൂപ, 6.25 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

അച്ചടി വകുപ്പിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും, ഓവർടൈം അലവൻസ്, യാത്രാബത്ത, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ്, ലോഡിംഗ്/ അൺലോഡിംഗ് തൊഴിലാളികളുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ, കെട്ടിടങ്ങളുടെ വാടകയും നികുതിയും, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ സ്പെയർപാർട്ട്സ് വാങ്ങുന്നതിനുള്ള തുക, വാഹനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ, ഫാക്ടറി ലൈസൻസ് പുതുക്കുന്നത്, വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ചെലവുകൾ തുടങ്ങി വിവിധയിനങ്ങളിൽ ആവശ്യമായ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്ക് നേരെയുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-1—ശമ്പളം | 27.5 കോടി രൂപ |
| 01-6—ഓവർടൈം അലവൻസ് | 50 ലക്ഷം രൂപ |
| 02—വേതനം | 60 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ-യാത്രാബത്ത | 4.22 ലക്ഷം രൂപ |
| 05-1—വെള്ളക്കരം | 3 ലക്ഷം രൂപ |
| 05-3—ടെലിഫോൺ | 2.32 ലക്ഷം രൂപ |

| | |
|---|---|
| 05-4—മറ്റിനങ്ങൾ | 15 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 1.71 കോടി രൂപ |
| 17—ചെറുകിടമരാമത്ത് പണികൾ | 60,000 രൂപ |
| 18—സംരക്ഷണം | 1 കോടി രൂപ |
| 19—യന്ത്രോപകരണങ്ങൾ | 6 ലക്ഷം രൂപ |
| 21-1—വാഹനം വാങ്ങൽ | 15 ലക്ഷം രൂപ |
| 21-2—വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ | 1.6 ലക്ഷം രൂപ |
| 21-3—വാഹന ഇൻഷ്വറൻസ് | 2 ലക്ഷം രൂപ |
| 24—സാധനസാമഗ്രികൾ | 1.6 കോടി രൂപ |
| 34-3—മറ്റുചെലവുകൾ | 42.82 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 2.05 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | 3.5 ലക്ഷം രൂപ |

2070-00-003-99—<u>ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം</u>

ഐ.എ.എസ്. പ്രൊബേഷനേഴ്സിന് പരിശീലനം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-108-98—<u>പ്രതിരോധവും നിയന്ത്രണവും</u>

ഫയർ ആന്റ് റസ്ക്യൂ വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്ത ഉൾപ്പെടെയുള്ള വിവിധ അലവൻസുകൾക്കായി നിലവിലെ തുക അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള ശീർഷകങ്ങൾക്കെല്ലാം കൂടി ആകെ 8 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാബത്ത | 4 കോടി രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1 കോടി രൂപ |
| 34-3—മറ്റിനം | 1 കോടി രൂപ |
| 45—പി.ഒ.എൽ. | 2 കോടി രൂപ |

2070-00-108-97—പരിശീലനം

വിയ്യൂർ ഫയർ ആന്റ് റസ്ക്യൂ സർവീസസ് അക്കാഡമിയുടെയും ഫോർട്ട് കൊച്ചി ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രത്തിന്റെയും ജീവനക്കാരുടെ യാത്രാചെലവുകൾ, മോട്ടോർ വാഹനങ്ങൾ, പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ 04-1-യാത്രാബത്ത, 21-2-മോട്ടോർ വാഹനങ്ങൾ, 45-പി.ഒ.എൽ. എന്നിവയിൽ യഥാക്രമം 7 ലക്ഷം, 3 ലക്ഷം, 8 ലക്ഷം എന്നിങ്ങനെ ആകെ 18 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-119-98—ഔദ്യോഗികഭാഷ കമ്മീഷൻ

ഔദ്യോഗിക ഭാഷ കമ്മീഷന്റെ ചെലവുകൾക്ക് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടിട്ടുള്ള തുകകൾ അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01—ശമ്പളം | 62.49 ലക്ഷം രൂപ |
| 02—വേതനം | 7000 രൂപ |
| 04—യാത്രാചെലവുകൾ | 3.58 ലക്ഷം രൂപ |

| | |
|---|---|
| 05-1—വെള്ളക്കരം | 20000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 79000 രൂപ |
| 05-3—ടെലിഫോൺ | 1.06 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 3.41 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 6.50 ലക്ഷം രൂപ |
| 99—വിവരസാങ്കേതികവിദ്യ | 1 ലക്ഷം രൂപ |

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

05-4—മറ്റിനങ്ങൾ

ഭരണത്തിന്റെ എല്ലാ തലത്തിലും ഔദ്യോഗികഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ ചെലവുകൾ വഹിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23.45 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-119-97-99—വിവരസാങ്കേതികവിദ്യ

2025-26-ൽ ഔദ്യോഗികഭാഷ വകുപ്പിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപവൽക്കരിക്കുന്നതിന് നിലവിലുള്ള ടോക്കൺ പ്രൊവിഷനായ 1000 രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVII

### വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

3425-60-200-71(03)—സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി സമിതി - പരിപാടികളും പ്രവർത്തനങ്ങളും

ശാസ്ത്ര സാങ്കേതിക മേഖലയിലെ മാനവശേഷി വികസനം, പശ്ചാത്തല സൗകര്യ വികസനം, സാങ്കേതിക വികസനം, ശാസ്ത്രപ്രചരണ പരിപാടി, സ്ത്രീ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പരിപാടികൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം

അപര്യാപ്തമായതിനാലും, ഫണ്ട് അപര്യാപ്തത മൂലം മുൻവർഷങ്ങളിലെ കുടിശ്ശിക കൊടുക്കാൻ കഴിയാത്തതിനാൽ ബാധ്യതയായി നിലനിൽക്കുന്നതിനാലും കുടിശ്ശിക തീർത്ത് ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും വിതരണം ചെയ്യുന്നതിനും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.83 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71(07)—ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കായുള്ള കേരള സ്റ്റേറ്റ്കൗൺസിൽ

31—സഹായധനം-ശമ്പളം

കൗൺസിലിന്റെ കീഴിലുള്ള 7 ഗവേഷണ സ്ഥാപനങ്ങളുടെയും കൗൺസിൽ കാര്യാലയത്തിലെയും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനും പുതിയ ശാസ്ത്രജ്ഞരുടെ നിയമനം, CSIR ശമ്പള നിരക്കിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ DA വർദ്ധനവ്, ഡയറക്ടർമാരുടെ നിയമനം എന്നിവ മൂലമുണ്ടായ അധിക ചെലവുകൾ നിർവഹിക്കുന്നതിനും ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡനിലെ ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള കുടിശ്ശികകൾ തീർക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡനായുള്ള പ്രത്യേക ധനസഹായമായി 6.5732 കോടി രൂപ ഉൾപ്പെടെ ആകെ 33.1289 കോടി രൂപ (26.5557 കോടി രൂപ + 6.5732 കോടി രൂപ) അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-70—ബയോടെക്നോളജി വികസനം

ജൈവ സാങ്കേതിക വിദ്യയിലെ ഗവേഷണം, സംരംഭകത്വ വികസനം, ഗ്രാമീണ കണ്ടുപിടുത്തങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയ്ക്കായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

31—സഹായധനം-ശമ്പളം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ശമ്പളാവശ്യത്തിനായി അനുവദിച്ച തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 350 ലക്ഷം രൂപ റെസ്യൂം ചെയ്ത് 3.4999 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

36—സഹായധനം-ശമ്പളേതരം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഭരണപരമായ ചെലവുകൾ, ക്യാമ്പസ്സിന്റെ പരിപാലനം, വാർഷിക മെയിന്റനൻസ് ചാർജ്ജുകൾ, മറ്റ് ചെലവുകൾ, ലബോറട്ടറി ഗവേഷണ ഉപഭോഗ വസ്തുക്കൾ, ലബോറട്ടറികൾക്കുള്ള ഉപകരണങ്ങൾ എന്നീ ചെലവുകൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.4999 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

36—സഹായധനം-ശമ്പളേതരം

അത്യന്തം അപകടകരമായ വൈറസുകൾ, മറ്റു രോഗകാരികൾ എന്നിവയെ കൈകാര്യം ചെയ്യാനും വായുവിലൂടെ പടരുന്ന രോഗങ്ങളെ കുറിച്ചുള്ള പഠനത്തിനും അത്യാവശ്യമായ BSL3 ലബോറട്ടറികളുടെ നിർമ്മാണത്തിനും ലബോറട്ടറികൾക്ക് എയർ ലോക്ക് വാതിലുകൾ, ഫിൽറ്റർ ചെയ്ത വെന്റിലേഷൻ സിസ്റ്റം, ഓട്ടോക്ലേവ് എന്നീ സുരക്ഷാ സംവിധാനങ്ങൾ വാങ്ങുന്നതിനും, BSL3 ലാബിനോട് ചേർന്ന ഒരു BSL 2+ലെവൽ ലാബ്, അനിമൽ ഫെസിലിറ്റി എന്നിവ തുടങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 17 കോടി രൂപ അധികം ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-50—കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം - കോട്ടയം

31—സഹായധനം-ശമ്പളം

കോട്ടയത്തെ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് ശമ്പളയിനത്തിൽ പ്രതിമാസം ഏകദേശം 12 ലക്ഷം രൂപ ചെലവ് വരുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-50—കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം - കോട്ടയം

36—സഹായധനം-ശമ്പളേതരം

ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും പ്രദേശിക സംസ്ഥാനതല പ്രശ്നങ്ങൾ പഠിക്കുന്നതിനും ലക്ഷ്യം വെയ്ക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIII

### വാർത്താവിതരണവും പ്രചരണവും

2220-01-001-97—സൂക്ഷ്മ പരിശോധന വിഭാഗത്തിന്റെ ശാക്തീകരണവും ആധുനിക വൽക്കരണവും

അച്ചടി, ദൃശ്യമാധ്യമം എന്നിവ മുഖേന വരുന്ന സർക്കാരിന്റെ വിവിധ നയങ്ങൾ, പരിപാടികൾ, മറ്റ് പ്രധാന വിഷയങ്ങൾ എന്നിവ സംബന്ധിച്ച് ചാനൽ മോണിറ്ററിംഗ് ആന്റ് റിക്കോർഡിംഗ് പദ്ധതിക്കായി സി-ഡിറ്റിന് കുടിശ്ശിക തുക നൽകാൻ നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20.82 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-001-99—വിവരസാങ്കേതിക സേവനം

ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനും ഐ.ടി ഹാർഡ് വെയറുകൾ കാലികമായി പുതുക്കുന്നതിനും ഓഫീസുകളിൽ നെറ്റ് വർക്കിംഗ്, ഇന്റർനെറ്റ്, ഡാറ്റാ സൗകര്യങ്ങൾ

വർദ്ധിപ്പിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-99—പ്രദർശനവും പരസ്യവും

2020,2022,2023 വർഷങ്ങളിൽ ഡിസ്പ്ലേ ഇനത്തിൽ ശരാശരി 20 കോടി രൂപ വീതം 3 വർഷത്തേയ്ക്ക് 60 കോടി രൂപയും കേരളീയം പരിപാടിക്ക് പരസ്യം നൽകിയ ഇനത്തിൽ 10 കോടി രൂപയുടെയും ബില്ലുകൾ കുടിശ്ശികയായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-98—പ്രചരണ സാമഗ്രികൾ

സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ അച്ചടിച്ച് പ്രചരിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

01—അച്ചടി മാധ്യമം

2021, 2022, 2023, 2024 വർഷങ്ങളിൽ പരസ്യം നൽകിയ ഇനത്തിൽ ഈ ശീർഷകത്തിൽ 40 കോടിയോളം രൂപ പരസ്യകൂലി നൽകുവാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

(02)—ഇലക്ട്രോണിക് ദൃശ്യമാധ്യമം

ഇലക്ട്രോണിക് മീഡിയ ഇനത്തിൽ പരസ്യം നൽകിയ വകയിൽ 2021, 2022, 2023, 2024 വർഷങ്ങളിലായി 15 കോടിയോളം രൂപയുടെ ബില്ലുകൾ പേയ്മെന്റ് നൽകേണ്ടതായിട്ടുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമായതിനാലും ഈ

ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-103-99—<u>പത്രപ്രതിനിധികൾക്കുള്ള സൗകര്യങ്ങൾ</u>

സർക്കാർ പരിപാടികൾ റിപ്പോർട്ടു ചെയ്യാൻ വേണ്ട അടിസ്ഥാന സൗകര്യം മാധ്യമ പ്രവർത്തകർക്ക് ഏർപ്പെടുത്തുന്നതിനും മാധ്യമ അവാർഡു തുക നൽകുന്നതിനും ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-109-99—<u>ദൃശ്യ പ്രചരണം</u>

സർക്കാരിന്റെ പ്രധാന പരിപാടികളുടെ വിജയത്തിന് നിർണായകമായ ഫോട്ടോ പബ്ലിസിറ്റി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹനമായി ഫോട്ടോഗ്രാഫി സംസ്ഥാന അവാർഡ് നൽകുന്നതിനും കരാർ ഫോട്ടോഗ്രാഫർമാർക്ക് മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനും നിലവിലുള്ള വിഹിതം തികയാതെ വരും. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-109-98—<u>വീഡിയോ പ്രചരണം</u>

വീഡിയോ കവറേജ് മെച്ചപ്പെടുത്തുന്നതിനുള്ള ചെലവുകൾ, ഡിജിറ്റലൈസേഷനും അർക്കൈവിംഗിനുമുള്ള ചെലവുകൾ, സാങ്കേതിക വിദഗ്ധരെ നിയമിക്കുന്നതിനുള്ള ചെലവുകൾ സി-ഡിറ്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള ന്യൂസ് ക്ലിപ്പ് പ്രോജക്ടിന്റെ കുടിശ്ശിക തുക എന്നിവ നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-110-99—<u>പുസ്തക പ്രസിദ്ധീകരണം</u>

സംസ്ഥാനത്തിന്റെ ചരിത്രം, കല, സംസ്കാരം തുടങ്ങിയ വ്യത്യസ്ത മേഖലകളെ സംബന്ധിച്ച് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, വിവിധ സർക്കാർ വകുപ്പുകൾക്ക് വികസന നേട്ടങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

2220-60-800-97—<u>പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന</u>

പത്രപ്രവർത്തകർക്ക് ഫെസ്റ്റിവൽ അലവൻസ്, കുടിശ്ശിക എന്നിവ നൽകുന്നതിന് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-91—<u>കേരള സംസ്ഥാന പത്ര പ്രവർത്തക പെൻഷൻ സ്കീം, 1993</u>

പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 6.0073 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-81—<u>കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം, 1999</u>

വിവിധ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷനും, പെൻഷൻ കുടിശ്ശികയും, ഫെസ്റ്റിവൽ അലവൻസും നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.5554 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-78—<u>സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സർവറിന്റെ മെയിന്റനൻസും</u>

വെബ് പോർട്ടലുകളുടെ വികസനവും പരിപാലനവും ഇവന്റുകളുടെ തത്സമയ സ്ട്രീമിംഗ്, സോഷ്യൽ മീഡിയ കാമ്പെയിൻ, ഡിജിറ്റൽ മാർക്കറ്റിംഗ്, മാനേജ്മെന്റ് ഓഫ് സോഷ്യൽ മീഡിയ വിംഗിന്റെ വിപുലീകരണം എന്നിവയ്ക്കായി ബഡ്ജറ്റിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-77—<u>സുതാര്യ കേരളം-ദൂരദർശനിലും ആകാശവാണിയിലും ഉള്ള ഫോൺ ഇൻ പ്രോഗ്രാം</u>

നാം മുന്നോട്ട് പ്രോഗ്രാമിന്റെ നിർമ്മാണ ചെലവ്, തെരഞ്ഞെടുത്ത ചാനലുകളിലെയും ദൂരദർശനിലെയും സംവേദനാത്മക ഷോയ്ക്കുള്ള ടെലികാസ്റ്റ് ഫീസ്, എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.34 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4220-60-101-63—<u>ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണവും മീഡിയ സെന്ററുകളുടെ നിർമ്മാണവും</u>

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലെയും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIV

### തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും

2230-01-103-93—<u>നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്</u>

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനായി നോർക്ക - റൂട്ട്സ് ഡയറക്ടേഴ്സിന്റെയും നോർക്ക വകുപ്പിന്റെയും സംയുക്ത സംരംഭമാണ് നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് സ്കീം. 30 ലക്ഷം രൂപയാണ് 2025-26 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിരുന്നത്. എന്നാൽ സ്കോളർഷിപ്പിനായുള്ള അപേക്ഷകളുടെ എണ്ണത്തിലെ വർദ്ധനവ് പരിഗണിച്ച് കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി 20 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-103-48—<u>തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം, പുന-ഏകീകരണം, ഏകോപനം</u>

കോവിഡ്-19 പാൻഡെമിക്കിനെ തുടർന്ന് മടങ്ങിയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കാനും ഏകോപിപ്പിക്കാനും ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പദ്ധതിയാണിത്. അവരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി കുടുംബശ്രീ, മൈക്രോ സഹകരണ ബാങ്കുകൾ, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ വിവിധ ഏജൻസികളുടെ സഹായത്തോടെ സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ, നൈപുണ്യ പരിശീലനം എന്നിവ ആരംഭിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 28 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-103-43—<u>പ്രവാസി ക്ഷേമനിധി</u>

പ്രവാസി ക്ഷേമ ബോർഡിന്റെ തനതുഫണ്ടിൽ നിന്നു മാത്രം ബോർഡിന്റെ പെൻഷൻ ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. ആയതിനാൽ ബോർഡിന്റെ ക്ഷേമപ്രവർത്തനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 34 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-800-91—<u>ലോക കേരള കേന്ദ്രം</u>

നോർക്ക വകുപ്പിന് കീഴിൽ വരുന്ന വിവിധ ഏജൻസികളായ നോർക്ക - റൂട്ട്സ്, പ്രവാസി ക്ഷേമ ബോർഡ്, എൻ.ആർ.ഐ. കമ്മീഷൻ, ലോകകേരള സഭ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആഗോള മലയാളികളുടെ ക്ഷേമ സാംസ്കാരിക പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുമായി നോർക്ക ലോക മലയാള കേന്ദ്രം ആരംഭിക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-800-89—<u>പ്രവാസി ഡിവിഡന്റ് സ്കീം</u>

പ്രവാസികളുടെയും പ്രവാസം അവസാനിപ്പിച്ച് മടങ്ങിയെത്തിയവരുടെയും ക്ഷേമം ലക്ഷ്യമാക്കി പ്രവാസി മലയാളികളിൽ നിന്നു തന്നെ നിക്ഷേപം സ്വീകരിച്ച് നടപ്പിലാക്കുന്നതാണ് പ്രവാസി ഡിവിഡന്റ് സ്കീം. ആയതിന്റെ നടത്തിപ്പിനായി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടതായി വരും. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയതിനാൽ 12.76 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4250-00-190-93—<u>OKIH ലിമിറ്റഡിനുള്ള ഓഹരി മൂലധന വിഹിതം</u>

ഒന്നാം ലോകകേരള സഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 100% സർക്കാർ ഉടമസ്ഥതയിൽ രൂപീകരിച്ച കമ്പനിയാണ് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH). അതിന്റെ ആദ്യസംരംഭമായ റെഡ് സ്റ്റോപ്പ് പ്രോജക്ട് നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XXVIII

### പലവകസാമ്പത്തികസർവീസുകൾ

3475-00-115-99—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)

റവന്യൂ ചെലവുകൾക്കായുള്ള കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ എന്ന ശീർഷകത്തിൽ നിലവിൽ വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഓഫീസ് അനുബന്ധമായ ചെലവുകൾക്കും പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് യൂണിറ്റിന്റെ വേതനം മുതലായ ചെലവുകൾക്കുമായി 2025-26 വർഷത്തിൽ ഈ ശീർഷകത്തിൽ 3.25 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5475-00-115-94-കേരള പുനർനിർമ്മാണ പദ്ധതി

ആർ.കെ.ഐ.യുടെ ശീർഷകത്തിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മിക്കവാറും എല്ലാ, പദ്ധതികളും നിർവഹണത്തിന്റെ അന്തിമഘട്ടത്തിലാണെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം ഒട്ടേറെ പദ്ധതികൾക്ക് അനുവദിക്കേണ്ട തുക പോലും നൽകാൻ കഴിയാത്ത സ്ഥിതിയാണെന്നും ആയതിനാൽ നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 165 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5475-00-115-93—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ. സഹായം ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ)

ഈ ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ല. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകിയ പദ്ധതികളിൽ ഏറ്റവും കൂടുതൽ തുക ആവശ്യമായി വരുന്ന റോഡ് പുനർനിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തിനായി 686.54 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5475-00-115-88—<u>നവകേരള സദസ്സിൽ തീരുമാനിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രോജക്ട് രൂപീകരണ ഫണ്ട്.</u>

നവകേരള സദസ്സിൽ ഉരുത്തിരിഞ്ഞുവന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 790 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5475-00-800-76—<u>നവകേരള സദസിൽ തീരുമാനിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രോജക്ട് രൂപീകരണ ഫണ്ട്</u>

സംസ്ഥാനത്തെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ നവകേരള സദസിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളിൽനിന്നും നിയമസഭാ സാമാജികർ നിർദ്ദേശിക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ലഭ്യമാക്കുകയും ചെയ്ത പട്ടികയിൽപ്പെട്ട പദ്ധതികളുടെ DPR തയ്യാറാക്കുന്നതിലേക്ക് 2025-26 സാമ്പത്തിക വർഷത്തിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിൽ ഈ ശീർഷകത്തിൽ 35 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ—XXXVII

### വ്യവസായങ്ങൾ

2852-07-101-98—<u>കെ-ഫോൺ-സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി</u>

ഒരു നിയോജക മണ്ഡലത്തിൽ, 100 കുടുംബങ്ങൾ എന്ന അനുപാതത്തിൽ 14000 യോഗ്യമായ EWH-കൾക്ക് സൗജന്യ ഗാർഹിക ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിനായി ഓരോ കണക്ഷനും മാസം 353 രൂപ എന്ന അടിസ്ഥാന പ്ലാൻ നിരക്കിലും ഓരോ പുതിയ കണക്ഷനുകൾക്ക് 5000 ഒറ്റതവണ ചാർജ്ജും നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡിന് 38.29 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-07-202-73—ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (ഐസിഫോസ്)

സുസ്ഥിര വികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി ഇന്റർനെറ്റ് ഓഫ് തിങ്സ് വഴി പ്രവർത്തിക്കുന്ന കേന്ദ്രമാണ് ഐസിഫോസ്. ഓപ്പൺ സോഴ്സ് ഡിജിറ്റൽ നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൃഷി, നഗരാസൂത്രണം, ദുരന്തനിവാരണം എന്നിവയിൽ തീരുമാനങ്ങൾ എടുക്കുന്നതിനും വിഭഗങ്ങളുടെ ഉപയോഗം ഒപ്റ്റിമൈസ് ചെയ്യുന്നതിനും മൈക്രോലെവൽ എൻവയോൺമെന്റ് ഉപദേശക സംവിധാനത്തിന്റെ വികസനം, ഓപ്പൺ എഡ്യൂടെക് പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യ വികസനം എന്നിവയ്ക്ക് ഈ സംവിധാനം പിന്തുണയ്ക്കുന്നു. പ്രധാനപ്പെട്ട ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.28 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-07-202-72—യുവസംരംഭകത്വ വികസന പരിപാടി

സ്കൂൾതലം മുതൽ വിദ്യാർത്ഥികൾക്ക് സംരംഭകത്വത്തിനുള്ള താൽപര്യം ജനിപ്പിക്കുകയും നൂതന സാങ്കേതികവിദ്യയിലോ സാമൂഹിക പ്രതിബദ്ധതയുള്ളതോ ആയ ആശയങ്ങൾക്ക് സഹായം നൽകി സംരംഭങ്ങളാക്കി മാറ്റുന്നതിനാവശ്യമായ വിവിധ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. യുവസംരംഭകത്വ പദ്ധതിയുടെ ഉപഘടകമായ ഫണ്ട് ഓഫ് ഫണ്ട് പദ്ധതിക്ക് 10 കോടി രൂപയും തിരുവനന്തപുരത്ത് GPU ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് 10 കോടി രൂപയും AI വികസിപ്പിക്കുന്നതിനായി ഹാക്കത്തോൺ സംഘടിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന 5 സ്റ്റാർട്ടപ്പുകൾ/ഹർജികൾക്ക് നൽകുന്നതിന് ആകെ 1 കോടി രൂപയും മുതിർന്ന പൗരജനങ്ങൾക്ക് പുതുസംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹനം ചെയ്യുന്ന ന്യൂഇന്നിംഗ്സ് പദ്ധതിക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 26 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-07-202-71—സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

ഇമേജിംഗ് ടെക്നോളജിയിലും ഗവേഷണത്തിനും പരിശീലനത്തിനുമായി സ്ഥാപിതമായ സി-ഡിറ്റിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. സോഫ്റ്റ്വെയർ വികസനം, സെക്യൂരിറ്റി ഓഡിറ്റ് സംവിധാനം എന്നിവയിൽ ശേഷിവികസനം, സെക്യൂരിറ്റി സർവ്വീസ് പ്രൊവൈഡർ ഫ്രെയിം വർക്ക്

സംവിധാന സജ്ജീകരണം, മലയാള ഭാഷയിൽ വിവരാധിഷ്ഠിത വെബ് ആപ്ലിക്കേഷൻ തയ്യാറാക്കൽ, വെബ് ചാനൽ, വീഡിയോചിത്ര നിർമ്മാണ സംവിധാനങ്ങളുടെ ശേഷി വികസനം, സെക്യൂരിറ്റി രേഖകളുടെ പരിശോധനയ്ക്കായി ഫോറൻസിക് ലാബ് സജ്ജീകരിക്കൽ, നിർമ്മിതബുദ്ധി അധിഷ്ഠിതമായി സർക്കാർ വിവരങ്ങളുടെ വിശകലനം, സി-ഡിറ്റ് ഐ.സി.ടി. കെട്ടിട സമുച്ചയത്തിന്റെ പൂർത്തീകരണം, മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനത്തിന്റെ സാങ്കേതിക നിർവഹണം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ 1.2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-07-202-70—<u>ഗ്രാമീണമേഖലയിൽ സാങ്കേതികവിദ്യാ പരിപോഷണം</u> <u>(ഫോസ്റ്റ)</u>

കെ.എസ്.ഐ.റ്റി.ഐ.എൽ. - ഫോസ്റ്റ (ഫോസ്റ്ററിംഗ്) ടെക്നോളജീസ് ഇൻ റൂറൽ ഏരിയ പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനും തിരഞ്ഞെടുത്ത കമ്പനികൾക്ക് കൂടുതൽ പ്രോത്സാഹന ചെലവുകൾക്കും ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 99 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-07-202-69—<u>ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കെ .എസ്. ഐ.റ്റി.ഐ. എൽ-ന്റെ വിപണന പ്രവർത്തനങ്ങൾ</u>

ഓരോ സ്ഥലത്തും ഭൂവിഭവങ്ങളും ഉപയോഗിക്കാത്ത ഐ.ടി. കെട്ടിടങ്ങളും വിപണനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-01-190-99—<u>കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ്</u> <u>(കെ.ഫോൺ)</u>

ഉപഭോക്താക്കളിലേക്ക് ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ്, ഡിജിറ്റൽ സർവീസുകൾ പോലുള്ള സേവനങ്ങൾ എത്തിക്കുന്നതിനും വിശ്വസനീയമായ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതിനും കെ-ഫോൺ നിർണ്ണായകമായി പ്രവർത്തിക്കുന്നു. കെ-ഫോൺ ഇന്റർനെറ്റ് സേവനങ്ങൾക്ക് പുറമേ ഇന്റർനെറ്റ് പ്രോട്ടോകോൾ ടെലിവിഷൻ, ഓവർ ദി ടോപ്പ് സേവനങ്ങളും പ്രധാനം ചെയ്യുന്നുണ്ട്. കെ-ഫോണിന്റെ സേവനങ്ങൾക്കായി നിലവിൽ ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 140 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-91—കേരള ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത വിജ്ഞാന വികസന പദ്ധതിയായാണ് ഇന്ത്യാ ഇന്നോവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐ.ഐ.സി.ജി) രൂപീകരിച്ചിരിക്കുന്നത്. മൈക്രോഇലക്ട്രോണിക്സ്, സെമികണ്ടക്ടർ ഉപകരണങ്ങൾ സെൻസറുകൾ, നാനോഇലക്ട്രോഡുകൾ, എൽ.സി.ഡി.കൾ തുടങ്ങിയവയ്ക്കായി അത്യാധുനിക ഗവേഷണശേഷി നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കൽ, സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ് അംഗത്വ പിന്തുണ നൽകൽ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-87—കോഴിക്കോട് സൈബർ പാർക്കിന് സ്ഥലം ഏറ്റെടുക്കൽ

കെ.എസ്.ഐ.റ്റി.ഐ.എൽ.- കോഴിക്കോട് ലാൻഡ് ഡെവലപ്പ്മെന്റ് ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 2025-26-ൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. വർദ്ധിച്ച നഷ്ടപരിഹാരം നൽകാൻ 1 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-86—ഡിജിറ്റൽ സയൻസ് പാർക്ക്

ഡിജിറ്റൽ ലോകത്തെ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വിവിധ ബിസിനസ്സ് യൂണിറ്റുകൾക്ക് പിന്തുണ നൽകുന്നതിനായി സയൻസ് പാർക്കുകളുടെ മൊത്തത്തിലുള്ള തത്ത്വചിന്തയുമായി യോജിപ്പിച്ചാണ് ഡിജിറ്റൽ സയൻസ് പാർക്ക് ആസൂത്രണം ചെയ്യുന്നത്. ഡിജിറ്റൽ സ്ഥാപനങ്ങളുടെ വളർച്ചയുടെ നോൺലീനിയർ സ്വഭാവത്തിന് അനുസൃതമായി സർവ്വകലാശാലകൾ, വ്യവസായം, സർക്കാർ എന്നിവ ഉൾപ്പെടുന്ന ട്രിപ്പിൾ ഹെലിക്സിൽ നിർമ്മിച്ച ആശയ വിനിമയങ്ങളുടെ നെറ്റ്‌വർക്ക് ഓവർലേയിൽ പാർക്ക് വികസിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനും വ്യവസായത്തിനും ബിസിനസ്സ് യൂണിറ്റുകൾക്കും സ്റ്റാർട്ടപ്പുകൾക്കും സൗകര്യമൊരുക്കുന്നതിനും ഇലക്ട്രോണിക്സ് ഡിസൈനിനായി ഒരു കേന്ദ്രം സ്ഥാപിക്കുവാനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-84—ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ

2025-26-ൽ പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 7 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-83—സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

സി-ഡിറ്റിലെ ശേഷിവികസന പരിപാടിയുടെ ഭാഗമായി സോഫ്റ്റ്‌വെയർ വികസനം, സെക്യൂരിറ്റി ഓഡിറ്റ് സംവിധാനം, മലയാള ഭാഷയിൽ വിവരാധിഷ്ഠിത വെബ് ആപ്ലിക്കേഷൻ തയ്യാറാക്കൽ, ഫോറൻസിക് ലാബ് സജ്ജീകരിക്കൽ, സി-ഡിറ്റ് ഐ.സി.ടി. കെട്ടിട സമുച്ചയത്തിന്റെ പൂർത്തീകരണം തുടങ്ങിയവയ്ക്കായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.21 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-190-94—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിയ്ക്കുള്ള മൂലധന നിക്ഷേപം

(02)—സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ ടെലിപ്രസൻസ് നെറ്റ്‌വർക്ക് വഴി ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം

2025-26-ൽ 25 പോളിടെക്നിക് കോളേജുകളിലേക്ക് കൂടി സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം-കേരള നൽകുന്നതിന്റെ ടെൻഡർ നടപടി ആരംഭിച്ചു കഴിഞ്ഞതിനാൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 19.12 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-190-94—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിയ്ക്കുള്ള മൂലധന നിക്ഷേപം

(03)—കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ ഫോൺ)

കെ.ഫോൺ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ലഭിച്ചിട്ടില്ലാത്തതിനാലും ഈ ഇനത്തിൽ 108.63 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-190-94—<u>ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിയ്ക്കുള്ള മൂലധന നിക്ഷേപം</u>

04—<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള ഐ.ഐ.ഐ.ടി. കെ.-പാല</u>

ഐ.ഐ.ഐ.ടി.കെ.-പാലയിലെ എൽ.എ.ആർ. കേസുകൾ സംബന്ധിച്ച ചെലവുകൾക്കായി പുനരധിവാസക്കാർക്ക് റോഡ്, വൈദ്യുതി, വെള്ളം എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-190-93—<u>ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-ഓഹരി മൂലധന നിക്ഷേപം</u>

ഐ.ഐ.ഐ.ടി.എം.കെ.യുടെ പുതിയ ക്യാമ്പസ് നിർമ്മാണ പ്രവർത്തനങ്ങൾക്കും കോൺഫറൻസ്ഹാൾ, ഓഡിറ്റോറിയം, ലാബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.25-ന് അവസാനിച്ചു.

## 20-2-2025-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2025 ഫെബ്രുവരി 20-ാം തീയതി, വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അധ്യക്ഷൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. ടി.പി. രാമകൃഷ്ണൻ
3. ശ്രീ. വി. ഡി. സതീശൻ
4. ശ്രീ. തോമസ് കെ. തോമസ്

5. ശ്രീ. വി. ജോയി (വീഡിയോ കോൺഫറൻസിംഗ് മുഖേന)

6. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി "

7. ശ്രീ. മാത്യു ടി. തോമസ് "

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി

2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

2. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ഗതാഗത (ഏവിയേഷൻ) വകുപ്പ്

3. ഡോ. ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, വനിതാ-ശിശു വികസന വകുപ്പ്

4. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ & ദുരന്തനിവാരണ വകുപ്പ്

5. ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്, സ്റ്റേറ്റ് പോലീസ് ചീഫ് & ഡയറക്ടർ ജനറൽ ഓഫ് പോലീസ്

6. ശ്രീ. യോഹേഷ് ഗുപ്ത, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

7. ശ്രീ. ബൽറാം കുമാർ ഉപാധ്യായ, ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസ്

8. ശ്രീ. എസ്. ശ്രീജിത്ത്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ്ക്വാർട്ടേഴ്സ്)

9. ശ്രീ. കെ. കാർത്തിക്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

10. ശ്രീ. ബി. എസ്. പ്രകാശ്, സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

11. ശ്രീ. അനീഷ് റ്റി., അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്

12. ഡോ. ശേഖർ ലൂക്കോസ് കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

13. ശ്രീമതി കൃഷ്ണപ്രിയ ഡി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീമതി എ. ആർ. ബിന്ദു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

16. ശ്രീമതി മിനിമോൾ ടി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്

17. ശ്രീമതി അനുരാധ കെ. സി., അഡീഷണൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്

18. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

19. ശ്രീമതി റുസി ആർ. എസ്., ജോയിന്റ് ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്

20. ശ്രീമതി പ്രസീത കെ. സി., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

21. ശ്രീ. ഇ. എസ്. ബിജുമോൻ, സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

22. ശ്രീമതി നിഷ ശ്രീധർ, സീനിയർ ഫിനാൻസ് ഓഫീസർ,പോലീസ് ഹെഡ്ക്വാർട്ടേഴ്സ്

23. ശ്രീമതി റീന വർഗ്ഗീസ്, സീനിയർ ഫിനാൻസ് മാനേജർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

24. ശ്രീമതി ഷീജ എസ്. ജി., ഫിനാൻസ് ഓഫീസർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി

25. ശ്രീ. അജിത് ബാബു ആർ., ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്

26. ശ്രീമതി കൃഷ്ണജ കെ., അക്കൗണ്ട്സ് ഓഫീസർ, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്

27. ശ്രീ. രഞ്ജിത് എൻ. കെ., ചീഫ് കെമിക്കൽ എക്സാമിനർ,കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്

28. ശ്രീ. ജയചന്ദ്രൻ എ., ചീഫ് മാനേജർ, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

29. ശ്രീമതി സെലീന എ., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

30. ശ്രീമതി നിഷ ശശിധരൻ, മാനേജർ, O/o. ദി എൻക്വയറി കമ്മീഷൻ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്), തിരുവനന്തപുരം

31. ശ്രീമതി അജിത കെ., മാനേജർ, O/o. ദി എൻക്വയറി കമ്മീഷൻ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്), കോട്ടയം

32. ശ്രീ. സക്കറിയ മാത്യു, രജിസ്ട്രാർ (ഇൻ-ചാർജ്), കേരള ലോക് ആയുക്ത

33. ശ്രീ. മൻമോഹൻ സി. വി., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

34. ശ്രീമതി ഹർഷ വി. എസ്., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

35. ശ്രീമതി ജിഷ എസ്. വി., പ്രോഗ്രാം ഓഫീസർ, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്

സമിതി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XI, XII, XIII, XVIII, XXVI, XLI എന്നീ നമ്പർ ധനാഭ്യർത്ഥനകളിൽ സമിതിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ/കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IV

### തെരഞ്ഞെടുപ്പുകൾ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് കീഴിൽ നിലവിലുള്ള വാഹനങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവയ്ക്കും ഇന്ധനചെലവിനുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും-നിയമസഭയും പാർലമെന്റും

സെക്രട്ടേറിയറ്റിലെ തെരഞ്ഞെടുപ്പ് വകുപ്പിലും ജില്ലാ കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും ജോലി ചെയ്തു വരുന്ന സ്ഥിരജീവനക്കാരുടെയും താത്കാലിക ജീവനക്കാരുടെയും ശമ്പളം, അലവൻസുകൾ, യാത്രാബത്ത എന്നിവയും ബൂത്തുലെവൽ ഓഫീസർമാരുടെ പ്രതിഫലം, ഇലക്ഷൻ വകുപ്പിന്റെ ഐ.റ്റി. അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സി-ഡിറ്റിനുള്ള പ്രതിഫലം എന്നിവയും ഉൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ശീർഷകത്തിൽ 54.2766 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-106-99—സംസ്ഥാന/കേന്ദ്ര ഭരണപ്രദേശ നിയമസഭകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചെലവ്-നിയമസഭ

2026-ലെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കും നിലമ്പൂർ മണ്ഡലത്തിലേക്ക് ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയാണെങ്കിൽ ഉണ്ടാകുന്ന ചെലവുകൾക്കുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-108-99—സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽകാർഡ് നൽകൽ

2026-ൽ നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടും സ്പെഷ്യൽ സമ്മറി റിവിഷനിലുമായി പത്ത് ലക്ഷത്തോളം വോട്ടർമാർക്ക് പുതിയ തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-109-99—<u>പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനും ഉപതെരഞ്ഞെടുപ്പുകൾക്കും വേണ്ട തുക കൂടാതെ പുതിയതായി വാങ്ങുന്ന ഇ.വി.എം.കളുടെ കയറ്റിറക്ക് കൂലി, മറ്റു ജില്ലകളിൽ എത്തിക്കുന്നതിനുള്ള ചെലവ്, Warehouse maintenance, വോട്ടർ പട്ടികയുടെ പരിഷ്കരണം, തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണം തുടങ്ങി വിവിധ ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 270 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-110-99—<u>സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ</u>

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിലെ യാത്രാബത്ത, വൈദ്യുതി, വെള്ളം, ടെലഫോൺ തുടങ്ങിയവയുടെ ചാർജസ്, സ്റ്റേഷനറിയും പ്രിന്റിംഗും, കമ്മീഷനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നൽകേണ്ട തുക, സ്ഥലപരിശോധനയുമായി ബന്ധപ്പെട്ട ഇന്ധനചെലവ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| ഇനം | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-01—യാത്രാചെലവ് | 4 ലക്ഷം രൂപ |
| 05-04—മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 34-3—മറ്റിനങ്ങൾ | 20 ലക്ഷം രൂപ |
| 45—പി. ഒ. എൻ. | 1 ലക്ഷം രൂപ |

## ധനാഭ്യർത്ഥന നമ്പർ XI

### ജില്ലാ ഭരണവും പലവകയും

2053-00-094-42—സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് നിലവിൽ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കും അതോറിറ്റിയുടെ ജീവനക്കാർക്കും, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിലെ ജീവനക്കാർക്കും ശമ്പളവും മറ്റു അലവൻസുകളും നൽകി വരുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതരം ആയി 2053-00-094-42-NV ശീർഷകം അനുവദിച്ച് തുക വകയിരുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 6 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XII

### പോലീസ്

2055-00-001-99—ഭരണവും നടത്തിപ്പും-മേൽനോട്ടം

പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലെയും, റേഞ്ച് ഐ.ജി. ഓഫീസിലെയും വെള്ളക്കരം, ടെലിഫോൺ ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നിവ വഹിക്കുന്നതിനും വാടക, കരം, നികുതി എന്നിവ ഒടുക്കുന്നതിനും കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും അറ്റകുറ്റപണികൾക്കും, ഇന്ധന ചെലവിനും, ആകസ്മിക ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെ ചേർത്തിട്ടുള്ള കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 29.85 ലക്ഷം രൂപ |
| 05-3—ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ് | 3.8382 കോടി രൂപ |
| 05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ | 19.3032 കോടി രൂപ |

| | |
|---|---|
| 06—വാടക, കരം, നികുതി | 41.7 ലക്ഷം രൂപ |
| 18—സംരക്ഷണം | 2.18 കോടി രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 46.98 ലക്ഷം രൂപ |
| 34-3—മറ്റുചെലവുകൾ-മറ്റിനം | 74.07 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 3.7094 കോടി രൂപ |

2055-00-003-99—പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

പോലീസ് ട്രെയിനിംഗ് കോളേജിന്റെ വെള്ളക്കരം ഒടുക്കുന്നതിനുവേണ്ടി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18.52 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003-99—പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

34-3—മറ്റ് ചെലവുകൾ-മറ്റിനം

പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്നുവരുന്ന പോലീസ് വകുപ്പിലെയും മറ്റ് വകുപ്പുകളിലേയും ട്രെയിനിംഗിന്റെ ചെലവുകൾ നിർവ്വഹിക്കുവാൻ നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.69 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003-98—കേരള പോലീസ് അക്കാഡമി

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

പോലീസ് അക്കാഡമിയിലെ ജീവനക്കാർക്ക് ശബരിമല ഡ്യൂട്ടി, പരിശീലന പരിപാടികൾ, മറ്റ് ഔദ്യോഗിക യാത്രകൾ എന്നിവയ്ക്കുള്ള യാത്രാബത്ത നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2053-00-003-98—കേരള പോലീസ് അക്കാഡമി

34-3—മറ്റു ചെലവുകൾ-മറ്റിനം

കേരള പോലീസ് അക്കാഡമിയിൽ നടക്കുന്ന പോലീസ് വകുപ്പിലെയും മറ്റു വകുപ്പുകളിലെയും ട്രെയിനിംഗ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ, പോലീസ് ഡ്യൂട്ടി മീറ്റുമായി ബന്ധപ്പെട്ട ചെലവുകൾ, പാസ്സിങ് ഔട്ട് പരേഡ് എന്നിവയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46.21 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2053-00-101-99—കുറ്റാന്വേഷണ വിഭാഗം

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

ക്രൈംബ്രാഞ്ച് യൂണിറ്റുകളുടെയും ആന്റി ടെററിസ്റ്റ് സ്ക്വാഡ് യൂണിറ്റിന്റെയും യാത്രാബത്ത നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.08 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

06—വാടക, കരം, നികുതി

2016 മുതലുള്ള ബിൽഡിംഗ് ടാക്സിന്റെ അരിയർ, മുൻവർഷത്തെ കുടിശ്ശിക എന്നിവ തീർപ്പാക്കുന്നതിനും വാടക, കരം, നികുതി എന്നിവ ഒടുക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക ക്രൈംബ്രാഞ്ച് യൂണിറ്റുകളിലെയും ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെയും വാഹനങ്ങളുടെ അറ്റകുറ്റപണികൾ നിർവ്വഹിക്കുന്നതിന് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80.89 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-99—<u>കുറ്റാന്വേഷണ വിഭാഗം</u>

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

ബഡ്ജറ്റ് വിഹിതമായി മേൽ ശീർഷകത്തിൽ വകയിരുത്തിയ തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 39.64 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-98—<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.</u>

05-1—<u>ഓഫീസ് ചെലവുകൾ-വെള്ളക്കരം</u>

06—<u>വാടക, കരം, നികുതി</u>

സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റുകൾക്ക് വെള്ളക്കരം ഇനത്തിലും, വാടക, കരം, നികുതി എന്നിവ ഒടുക്കുന്നതിനും ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 05-1 ഇനത്തിൽ 18.73 ലക്ഷം രൂപയും 06—വാടക, കരം, നികുതി ഇനത്തിൽ 13 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-104-99—<u>സായുധ പോലീസ്</u>

സായുധ സേനാംഗങ്ങളുടെ ടി.എ. അനുവദിച്ചു നൽകുന്നതിനും കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും, സായുധ പോലീസ് സേനയുടെ കീഴിലുള്ള 10 ബറ്റാലിയൻ യൂണിറ്റുകളുടെ സ്ഥലംമാറ്റ ബത്ത കുടിശ്ശിക, അവധി യാത്രാനുകൂല്യം, യൂണിറ്റുകളുടെ വെള്ളക്കരം, ടെലിഫോൺ ബില്ലുകൾ, വാടക, കരം, നികുതി, ചെറുകിട മരാമത്ത് പണികൾ എന്നിവയ്ക്കും റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലന ക്ലാസുകൾ എടുക്കുന്ന ഗസ്റ്റ് അധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പാസ്സിങ് ഔട്ട് പരേഡ്, കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാചെലവുകൾ-യാത്രാബത്ത | 8.9080 കോടി രൂപ |
| 04-2—യാത്രാചെലവുകൾ- സ്ഥലംമാറ്റബത്ത | 23.45 ലക്ഷം രൂപ |
| 04-4—യാത്രാചെലവുകൾ-അവധി യാത്രാനുകൂല്യം | 25.15 ലക്ഷം രൂപ |
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 1.4046 കോടി രൂപ |
| 05-3—ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ് | 12.64 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 82.76 ലക്ഷം രൂപ |
| 17—ചെറുകിട മരാമത്ത് പണികൾ | 9 ലക്ഷം രൂപ |
| 34-3—മറ്റുചെലവുകൾ-മറ്റിനം | 1.1303 കോടി രൂപ |

2055-00-104-98—<u>ഇന്ത്യ റിസർവ് ബറ്റാലിയൻ</u>

04-1—<u>യാത്രാ ചെലവുകൾ-യാത്രാബത്ത</u>

05-1—<u>ഓഫീസ് ചെലവുകൾ-വെള്ളക്കരം</u>

ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾ നടത്തുന്ന യാത്രാചെലവുകൾക്കും, വെള്ളക്കരം ഒടുക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാചെലവുകൾ - യാത്രാബത്ത | 2.145 കോടി രൂപ |
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 20.69 ലക്ഷം രൂപ |

2055-00-108-99—വിക്ടിം കോമ്പൻസേഷൻ ഫണ്ട്

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും മുൻവർഷത്തെ കുടിശ്ശിക 2025-26 സാമ്പത്തിക വർഷം നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 14.7 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-109-99—ജില്ലാസേന

ജില്ലാസേനയുടെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2025-26 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം പ്രസ്തുത കണക്കിനങ്ങൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 6.6507 കോടി രൂപ |
| 04-1—യാത്രാചെലവുകൾ-യാത്രാബത്ത | 12.5 കോടി രൂപ |
| 04-2—യാത്രാചെലവുകൾ-സ്ഥലംമാറ്റബത്ത | 87.25 ലക്ഷം രൂപ |
| 04-4—യാത്രാചെലവുകൾ-അവധിയാത്രാനുകൂല്യം | 86 ലക്ഷം രൂപ |
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 4.1935 കോടി രൂപ |
| 05-3—ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ് | 1.2627 കോടി രൂപ |
| 05-4—ഓഫീസ് ചെലവുകൾ-മറ്റിനം | 6.4814 കോടി രൂപ |
| 06—വാടക, കരം, നികുതി | 4.7687 കോടി രൂപ |
| 21-2—മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും | 13.8502 കോടി രൂപ |
| 34-3—മറ്റ് ചെലവുകൾ-മറ്റിനം | 11.4636 കോടി രൂപ |
| 45—പി.ഒ.എൽ. | 41.3377 കോടി രൂപ |

2055-00-111-99—<u>റെയിൽവേ പോലീസ്</u>

04-1—<u>യാത്രാചെലവുകൾ-യാത്രാബത്ത</u>

റെയിൽവേ പോലീസിന്റെ ടി.എ. ബില്ലുകൾ കുടിശ്ശിക തീർക്കുന്നതിനും, മറ്റു യാത്രാ ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൻ കീഴിലെ 04-1-യാത്രാചെലവ്-യാത്രാബത്ത ഇനത്തിൽ 30 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-112-98—<u>തീരദേശപോലീസ് സ്റ്റേഷനുകൾ</u>

04-1—<u>യാത്രാചലവുകൾ-യാത്രാബത്ത</u>

തീരദേശ പോലീസ് സ്റ്റേഷനുകളിലെ ടി.എ. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-112-98—<u>തീരദേശപോലീസ് സ്റ്റേഷനുകൾ</u>

06—<u>വാടക, കരം, നികുതി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവ അടയ്ക്കുന്നതിനും മുൻവർഷത്തെ കുടിശ്ശിക തീർക്കുന്നതിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-112-98—<u>തീരദേശപോലീസ് സ്റ്റേഷനുകൾ</u>

45—<u>പി.ഒ.എൽ.</u>

തീരദേശ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ഇന്ധന ചെലവിനായി അനുവദിച്ച വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2.3338 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-113-98—<u>സ്പോർട്സ് ഗ്രാന്റ്</u>

സ്പോർട്സ് കിറ്റ് വാങ്ങുന്നതിനും, ക്യാഷ് റിവാർഡുകൾ നൽകുന്നതിനും All India Police Control Board-ലേയ്ക്കുള്ള വാർഷിക അടവ് നൽകുന്നതിനും യൂണിറ്റ് സ്പോർട്സ്

മീറ്റ്, സ്റ്റേറ്റ് സ്പോർട്സ് മീറ്റ് തുടങ്ങിയവ നടത്തുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.532 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-114-99—വയർലെസ് യൂണിറ്റ്

04-1—യാത്രാചെലവുകൾ-യാത്രാബത്ത

മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനും 2025-26 സാമ്പത്തിക വർഷത്തെ ചെലവിനും നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1.253 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-114-99—വയർലെസ് യൂണിറ്റ്

05-3—ടെലിഫോൺ ചെലവ്

പോലീസ് വകുപ്പിലെ എല്ലാ യൂണിറ്റുകളിലെയും BSNL leased circuit ബില്ലുകൾ, ANPR surveillance camera ചാർജ്ജ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.853 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-114-98—വയർലെസ് യൂണിറ്റ്-കമ്പ്യൂട്ടർ സെന്റർ

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

എസ്.സി.ആർ.ബി.യുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.84 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-115-99—പോലീസ് സേനയുടെ നവീകരണം

പോലീസ് സേനയുടെ നവീകരണത്തിന് വേണ്ടിയുള്ള 2025-26 വർഷത്തെ വിഹിതമായി MoPF/ASUMP എന്നീ കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി 68.83 കോടി രൂപ താത്കാലികമായി വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിക്കുകയാണെങ്കിൽ നിലവിലുള്ള വിഹിതം അപര്യാപ്തമായി വരും. മാത്രമല്ല 2025-26 സാമ്പത്തിക വർഷം മുതൽ ASUMP Scheme SNA SPARSH ഫോമിലാണ് പ്രാവർത്തികമാക്കേണ്ടതെന്നും

നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള വിഹിതത്തിന് പുറമെ 56.33 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-117-97—ഇടതുപക്ഷ തീവ്രവാദ ബാധിത സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക അടിസ്ഥാന സൗകര്യ പദ്ധതി

ഇടതുപക്ഷ തീവ്രവാദ ബാധിത സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക അടിസ്ഥാന സൗകര്യ പദ്ധതി 2026-ൽ പൂർത്തീകരിക്കേണ്ടതാണ്. Ministry of Home Affairs-ന്റെ പ്രോജക്ട് ക്ലിയറൻസ് കമ്മിറ്റി ഈ പദ്ധതിക്ക് 17.05221 കോടിയുടെ വർക്ക് പ്ലാൻ അംഗീകരിച്ചിരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം മതിയാകാതെ വരുന്നതിനാൽ ടി ശീർഷകത്തിൽ 5.4472 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-117-96—സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും

സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് യൂണിറ്റിലെ വാഹനങ്ങളുടെ അറ്റകുറ്റപണികൾ നിർവ്വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20.27 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-117-96—സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്

45—പി.ഒ.എൽ.

സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുന്നതിനും കുടിശ്ശിക തീർക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 59.25 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-115-98-28—ഗതാഗത സൗകര്യത്തിനുള്ള പദ്ധതി

15 വർഷം തികഞ്ഞ വാഹനങ്ങൾ സമയബന്ധിതമായി scrap ചെയ്ത് പകരം പുതിയവ വാങ്ങുന്നതിനും പോലീസ് സ്റ്റേഷനിലെ പഴയ മോഡൽ വാഹനങ്ങൾ മാറ്റുന്നതിനുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 155.69 കോടി രൂപ കൂടി വകയിരുത്താൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-103-99—<u>കേരള ലോകായുക്ത, 1998</u>

ബഹു. ലോകായുക്ത, ഉപലോകായുക്തമാർ, ക്യാമ്പിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ യാത്രാബത്ത നൽകുന്നതിനായി 04-1—യാത്രാബത്തയിനത്തിൽ 2 ലക്ഷം രൂപയും പുതിയതായി ചാർജെടുക്കുന്ന ഉപലോകായുക്തമാരുടെ ഓഫീസ്/ഹൗസ് ഫർണിഷിംഗ് എന്നിവയ്ക്കായി 05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നതിൽ 5 ലക്ഷം രൂപയും ഫർണിച്ചറുകൾ വാങ്ങൽ, അഡ്വക്കേറ്റ് ഫീസ് എന്നിവയ്ക്കായി 34-3—മറ്റുചെലവുകൾ-മറ്റിനം എന്നതിൽ 5 ലക്ഷം രൂപയും ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് യാത്ര ചെയ്യുന്നതിന് കാർ വാങ്ങുന്നതിലേക്കായി 21-1—വാഹനം വാങ്ങൽ എന്ന ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-104-99—<u>വിജിലൻസ്</u>

2025-26 സാമ്പത്തിക വർഷം വിജിലൻസ് വകുപ്പിന് താഴെ സൂചിപ്പിച്ചിട്ടുള്ള കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 05-1—വെള്ളക്കരം | 3 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 5 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 15 ലക്ഷം രൂപ |
| 15—രഹസ്യസേവന ചെലവുകൾ | 5 ലക്ഷം രൂപ |
| 17—ചെറുകിട മരാമത്ത് പണികൾ | 50,000 രൂപ |
| 21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും | 10 ലക്ഷം രൂപ |

| | |
|---|---|
| 21-3—ഇൻഷ്വറൻസ് | 10 ലക്ഷം രൂപ |
| 28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | 1 ലക്ഷം രൂപ |
| 34-3—മറ്റു ചെലവുകൾ | 2 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 20 ലക്ഷം രൂപ |
| 59—സമ്മാനങ്ങളും അവാർഡുകളും | 10,000 രൂപ |

2062-00-105-99—വിജിലൻസ് ട്രൈബ്യൂണൽ

മുൻവർഷങ്ങളിൽ തീർപ്പാക്കാൻ കഴിയാത്ത യാത്രാബില്ലുകൾ നൽകുന്നതിന് 04-1-യാത്രാബത്ത ശീർഷകത്തിൽ 30,000 രൂപയും വകുപ്പിൽ നിന്ന് വിരമിച്ച വിജിലൻസ് ട്രൈബ്യൂണലിന്റെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് 01-4 ശീർഷകത്തിൽ 1,18,409 രൂപയും കമ്പ്യൂട്ടർ ശൃംഖലയുടെ നവീകരണത്തിന് 2.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.99 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവി നിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-97—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

ജഡ്ജിന്റെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അടച്ചു തീർക്കുന്നതിനും വൈദ്യുത ചാർജ്ജിനും മോട്ടോർ വാഹനത്തിന്റെ അറ്റകുറ്റപണികൾക്കും കോടതി സാക്ഷികളുടെ ബത്ത, ഡിജിറ്റിലൈസേഷന്റെ ഭാഗമായി വന്ന ചെലവുകൾ എന്നിവയ്ക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.25 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-94—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം

വകുപ്പ് തലവനായ ജുഡീഷ്യൽ ഓഫീസർക്ക് SNSPC പ്രകാരം ട്രാൻസ്ഫർ ഗ്രാൻഡ് വിതരണം ചെയ്യുന്നതിന് 04-2—സ്ഥലംമാറ്റ ബത്തയിനത്തിൽ 2 ലക്ഷം രൂപയും വകുപ്പിലെ നാല് ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി 04-4—അവധിയാത്രാനുകൂല്യം ഇനത്തിൽ 25,000 രൂപയും ദിവസേന വളരെയധികം വരുന്ന കേസ് റെക്കോർഡുകൾ ഫോട്ടോസ്റ്റാറ്റ് എടുക്കേണ്ടതിനാൽ ആയത് സമയബന്ധിതമായി കൈമാറേണ്ടതിനാൽ വകുപ്പിന് കൂടുതൽ കാര്യക്ഷമതയുള്ള ഒരു

മൾട്ടിഫങ്ഷൻ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേക്കായി 05-4—മറ്റിനങ്ങൾ ശീർഷകത്തിൽ 2 ലക്ഷം രൂപയും വകുപ്പിന്റെ ഔദ്യോഗിക വാഹനത്തിന്റെ പെട്രോൾ ചെലവിനത്തിൽ 30,000 രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-90—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഔദ്യോഗിക വസതിയുടെ വാടക നൽകുന്നതിന് 06—വാടക, കരം, നികുതി ശീർഷകത്തിൽ 52,500 രൂപയും വകുപ്പിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി 1.65 ലക്ഷം രൂപയും 2023 മുതലുള്ള സാക്ഷിബാറ്റ നൽകുന്നതിന് 05-04—മറ്റിനങ്ങൾ ശീർഷകത്തിൽ 50,000 രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIII

### ജയിലുകൾ

2056-00-001-98—ജയിലുകളുടെ നവീകരണം

05-3—ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

സംസ്ഥാനത്തെ ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് സ്ഥാപിച്ചിട്ടുള്ള വീഡിയോകോൺഫറൻസിംഗ് സംവിധാനത്തിന് 2 mbps ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകുന്ന ബി.എസ്.എൻ.എൽ.-ന് കരാർ പ്രകാരം കണക്ടിവിറ്റി ചാർജ്ജ് ത്രൈമാസ വ്യവസ്ഥയിൽ പോസ്റ്റ് പെയ്ഡ് ആയി അനുവദിക്കുന്നതിനും 2025 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് കണക്ടിവിറ്റി Annual Recurring Charge നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 67.93 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-001-98—ജയിലുകളുടെ നവീകരണം

17—ചെറുകിടമരാമത്ത് പണികൾ

വിവിധ ജയിലുകളിലെ കാലപ്പഴക്കം വന്ന കെട്ടിടങ്ങളുടെ റിപ്പയർ പ്രവൃത്തികൾ, ഡ്രയിനേജ് നവീകരണ പ്രവൃത്തികൾ, വിവിധ ബ്ലോക്കുകളുടെ അറ്റകുറ്റപ്പണികൾ എന്നീ ചെലവുകളിലേക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-101-99-ജയിലുകൾ

05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം കൂടുതലായതിനാൽ വാട്ടർ ചാർജ്ജ് ബില്ലുകൾ കുടിശ്ശിക വരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-101-99—ജയിലുകൾ

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ജയിലുകളിലെ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-101-99—ജയിലുകൾ

34-3—മറ്റുചെലവുകൾ-മറ്റിനം

തടവുകാരുടെ വേതനം, ചികിത്സാചെലവ്, കോടതികളിൽ ഹാജരാക്കുന്നതിന് വേണ്ടി വരുന്ന ബാറ്റ, ബാർബർ ചാർജ്ജസ്, തടവുകാർ ജയിൽ മോചിതരാകുന്ന മുറയ്ക്ക് നൽകേണ്ട വേതനം എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-101-99—ജയിലുകൾ

45—പി.ഒ.എൽ.

ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധനചെലവ് നിർവ്വഹിക്കുവാൻ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

056-00-101-99—<u>ജയിലുകൾ</u>

56—<u>ഭക്ഷണവും ധനസഹായവും</u>

ഭക്ഷ്യസാധനങ്ങളുടെയും, മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിച്ചുവരുന്ന സാഹചര്യവും ഭക്ഷ്യസാധനങ്ങളും, നിത്യോപയോഗ സാധനങ്ങളും ജയിലുകളിൽ വാങ്ങിയ ഇനത്തിൽ ത്രിവേണി, സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ—XVIII

### വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

2210-06-107-97—<u>കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി</u>

19—<u>യന്ത്രോപകരണങ്ങൾ</u>

കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ പുതിയ ജി.സി.എം.എസ്., എഫ്.റ്റി.ഐ.ആർ. എന്നിവ വാങ്ങുന്നതിനും, ലബോറട്ടറിയിലേക്കാവശ്യമായ യു.വി. സ്പെക്ട്രോഫോട്ടോമീറ്റർ, മൈക്രോവേവ് ഡൈജസ്റ്റർ, ചെറിയ ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 63 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2210-06-107-97—<u>കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി</u>

24—<u>സാധനസാമഗ്രികൾ</u>

ലബോറട്ടറിയുടെ ദൈനംദിന അനാലിസിസ് പ്രവർത്തനങ്ങൾക്കാവശ്യമായ കെമിക്കലുകൾ, ഗ്ലാസ് ഉപകരണങ്ങൾ, ലബോറട്ടറി മിസ്‌ലേനിയസ് സാധനങ്ങൾ, കമ്പ്യൂട്ടറുകൾ, അനലിറ്റിക്കൽ ഉപകരണങ്ങളുടെ പ്രവർത്തനത്തോടനുബന്ധമായി ഉപയോഗിക്കുന്ന അൾട്രാ പ്യൂവർ ഗ്യാസ് എന്നിവ വാങ്ങുന്നതിനും, ലബോറട്ടറികളിൽ കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, എൻ.എ.ബി.എൽ. പ്രവർത്തനങ്ങൾക്കായി

വാർഷിക ഫീസ്, അനലിറ്റിക്കൽ ഉപകരണങ്ങളുടെ കാലിബ്രേഷൻ എന്നിവയ്ക്കും പെസ്റ്റ് കൺട്രോൾ വാങ്ങുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 31 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2210-06-107-97—<u>കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി</u>

34-3—<u>മറ്റ് ചെലവുകൾ-മറ്റിനം</u>

വിവിധ ഉപകരണങ്ങളുടെ വാർഷിക പരിപാലനയിനത്തിലെ കുടിശ്ശിക ബില്ലുകൾ തീർക്കുന്നതിനും ബയോ ഹസാഡ് വേസ്റ്റുകൾ നീക്കം ചെയ്യുന്നതിനുള്ള ചെലവിനും കോഴിക്കോട് ലബോറട്ടറിയിലെ HPTLC-യുടെ CPU & Motor Control for ATS4, എറണാകുളം ലബോറട്ടറിയിലെ ഫ്രീസ് ഡ്രൈയർ എന്നിവയുടെ തകരാറിൽ ആയ സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2210-06-107-97—<u>കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി</u>

05-1—<u>ഓഫീസ് ചെലവുകൾ-വെള്ളക്കരം</u>

ലബോറട്ടറിയിലെ അനാലിസിസ് പ്രവർത്തനങ്ങൾക്കും അനാലിസിസിന് ഉപയോഗിച്ച ഗ്ലാസ് ഉപകരണങ്ങളും മറ്റും വൃത്തിയാക്കുന്നതിനും ധാരാളം വെള്ളം ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2.35 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2210-06-107-97—<u>കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി</u>

05-1—<u>ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്</u>

വകുപ്പിന് കീഴിലുള്ള ലബോറട്ടറികളിൽ ഇ-ഓഫീസ് സിസ്റ്റം ലഭ്യമാക്കുന്ന ബി.എസ്.എൻ.എൽ. ലീസ്ഡ് ലൈൻ കണക്ടിവിറ്റിക്ക് വാർഷിക വാടക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXVI

**പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് അധിക തുക ആവശ്യപ്പെട്ടിട്ടില്ല.**

## ധനാഭ്യർത്ഥന നമ്പർ XLI

**ഗതാഗതം**

3075-60-800-93—ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാ പഠനം

3075-60-800-92—നിർദ്ദിഷ്ട വയനാട് എയർപോർട്ടിനായുള്ള സാധ്യതാപഠനം

3075-60-800-83—നിർദ്ദിഷ്ട കാസർഗോഡ് എയർപോർട്ടിനായുള്ളസാധ്യതാ പഠനം

ഇടുക്കി എയർപോർട്ട്, നിർദ്ദിഷ്ട വയനാട് എയർപോർട്ട്, നിർദ്ദിഷ്ട കാസർഗോഡ് എയർപോർട്ട് എന്നിവയുടെ സാധ്യതാ പഠനത്തിനായി 2025-26-ൽ പ്രതീക്ഷിക്കുന്ന ചെലവ് നിർവഹിക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഓരോ ശീർഷകത്തിലും യഥാക്രമം 50 ലക്ഷം രൂപാ വീതം ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5053-02-102-98—സംസ്ഥാനത്ത് ഹെലിപോർട്ട് സ്ഥാപിക്കൽ

ബഡ്ജറ്റ് പ്രസംഗപ്രകാരം UDAN പദ്ധതിയിൽ ഉൾപ്പെടുത്തി സീപ്ലെയിനുകളും വാട്ടർ എയ്റോഡ്രോമുകളും സജ്ജമാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5053-02-190-97—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (എം. ഐ. ഡി. പി.)

കണ്ണൂർ എയർപോർട്ടിന്റെ മൂലധനനിക്ഷേപം, കണ്ണൂർ എയർപോർട്ട് സർക്കാരിനുവേണ്ടി എയർപോർട്ട് പരിസരത്തിനു പുറത്തായി നടത്തിയ വിവിധ പദ്ധതികൾ, പുതിയതും നിലവിലുള്ളതുമായ വിവിധ മേഖലകളിലേക്കുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിന് എയർലൈനുകൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള റൂട്ട് വികസനഫണ്ട് തുടങ്ങിയ വകകളിൽ നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി 75.51 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ എട്ടു വർഷമായി മുടങ്ങിക്കിടക്കുന്നതുമൂലം അവിടെയുള്ള ധാരാളം കുടുംബങ്ങൾ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും എട്ടു വർഷത്തോളമായി അവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് അവരുടെ വീടും സ്ഥലവും ക്രയവിക്രയം ചെയ്യാൻ കഴിയാത്ത സാഹചര്യമാണെന്നും നിരീക്ഷിച്ച സമിതി അതിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞപ്പോൾ, പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കോമ്പൻസേഷൻ നൽകാനുള്ള തുക വകയിരുത്തിയിട്ടുണ്ടെന്ന് ഗതാഗത (ഏവിയേഷൻ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

4000 മീറ്ററായി റൺവേ വികസിപ്പിക്കുന്നതിലേക്ക് പുതുതായി ഭൂമി ഏറ്റെടുക്കുന്നതിന് 10,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുമെന്നും സമിതിയുടെ ചോദ്യത്തിന് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകിയപ്പോൾ എയർപോർട്ടിന്റെ സ്ഥലമെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

5075-60-800-62—<u>ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ എയർസ്ട്രിപ്പുകൾ</u>

01—<u>ഇടുക്കി ജില്ലയിലെ എയർസ്ട്രിപ്പുകൾ</u>

02—<u>വയനാട് ജില്ലയിലെ എയർസ്ട്രിപ്പുകൾ</u>

03—<u>കാസർഗോഡ് ജില്ലയിലെ എയർസ്ട്രിപ്പുകൾ</u>

ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ 2025-26 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ യഥാക്രമം 50 ലക്ഷം രൂപാ വീതം ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800 -61—<u>ഗ്രീൻ ഫീൽഡ് എയർപോർട്ട്, ശബരിമല</u>

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഗ്രീൻഫീൽഡ് എയർപോർട്ട് എന്ന പദ്ധതിയിൻ കീഴിൽ ഭൂമി ഏറ്റെടുക്കുന്നതിലേക്കുള്ള പ്രാരംഭ ചെലവുകൾ, പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി വകയിൽ പ്രതീക്ഷിക്കുന്ന ഫീസ്, സ്പെഷ്യൽ ആഫീസറുടെ കാര്യാലയവുമായി ബന്ധപ്പെട്ട ചെലവുകൾ

തുടങ്ങിയവയിലേക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100.04 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ (പദ്ധതി - വോട്ട് ചെയ്തത്)

2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ കോടതിവിധി പ്രകാരം അധികതുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധിക ധനാനുമതി/ധനപുനഃവിനിയോഗം വഴി അനുവദിക്കാൻ സാധിക്കാതെ വരും. ആയതിനാൽ മേൽ ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ (പദ്ധതി - ചാർജ്ജ് ചെയ്തത്)

2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ അധികതുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധിക ധനാനുമതി/ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കാൻ സാധിക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ (പദ്ധതിയേതരം)

2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ 28A പ്രകാരം അധികതുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധിക ധനാനുമതി/ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കാൻ സാധിക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.20-ന് അവസാനിച്ചു.

## 25-2-2025-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2025 ഫെബ്രുവരി മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും താഴെപറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. രമേശ് ചെന്നിത്തല
2. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
3. ശ്രീ. വി. ജോയി (വീഡിയോ കോൺഫറൻസിംഗ് മുഖേന)
4. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി "
5. ശ്രീ. വി. ഡി. സതീശൻ "
6. ശ്രീ. തോമസ് കെ. തോമസ് "

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ശ്രീ. വി. കേശവേന്ദ്ര കുമാർ, സെക്രട്ടറി (എക്സ്പെൻഡിച്ചർ), ധനകാര്യ വകുപ്പ്
3. ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്, സ്റ്റേറ്റ് പോലീസ് ചീഫ് & ഡയറക്ടർ ജനറൽ ഓഫ് പോലീസ്
4. ശ്രീ. കെ. ജി. സനൽകുമാർ, സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. സാജു എസ്., സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ
6. ഡോ. വീണ എൻ. മാധവൻ, സ്പെഷ്യൽ സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ്

7. ശ്രീമതി രാധിക പി. ബി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
10. ശ്രീമതി ബീന പി. എസ്., അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
11. ശ്രീ. ഗിരീഷ് കുമാർ ജി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
12. ശ്രീമതി ഷൈജു റാണി പി. പി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീ. നവീൻ കൃഷ്ണൻ ജി. ഐ., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
14. ശ്രീമതി ലീന എ., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ്.
15. ശ്രീമതി ബീന കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
16. ശ്രീമതി ഷിജി വി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
17. ശ്രീമതി പ്രീത ജെ. നായർ, ജോയിന്റ് രജിസ്ട്രാർ, കേരള ഹൈക്കോടതി
18. ശ്രീമതി സതീജ കുമാരി വി. ആർ., അണ്ടർ സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ്.
19. ഡോ. എം. എസ്. രാജ്മോഹൻ, അക്കൗണ്ട്സ് ഓഫീസർ, ധനകാര്യ (റൂൾസ്) വകുപ്പ്.

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട്, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച കാലതാമസപത്രിക എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I കരട് റിപ്പോർട്ട് പരിഗണന**

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സമിതിയുടെ പരിധിയിൽ വരുന്ന II, III, IV, XI, XII, XIII, XIV, XVII, XVIII, XXIII, XXIV, XXVI, XXVIII, XXXVII, XLI എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**II കരട് ചട്ടങ്ങളുടെ പരിഗണന**

1. The Kerala Civil Services (Classification, Control and Appeal)Amendment Rules, 2024.

(സർക്കാർ കത്ത് നം. ഉപസി2/25/2024 ഉപഭവ . തീയതി 28-9-2024)

(ഫയൽ നം. 16997/സബ്.സി.ഡി2/24/ലെജി.)

The Kerala Administrative Service (KAS)-നെ 1960-ലെ Kerala Civil Services (Classification Control and Appeal) Rules-ലെ റൂൾ 7-ലെ സ്റ്റേറ്റ് സർവ്വീസിൽ (Schedule-I)-ൽ 34-ാമതായി ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയ കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2024' എന്നത് '2025' എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

2. The Kerala Police Departmental Inquiries, Punishment and Appeal (Amendment ) Rules, 2024.

(സർക്കാർ കത്ത് നം. എച്ച് 6/57/2019/ആഭ്യ., തീയതി 26-11-2024)

(ഫയൽ നം. 20514/സബ്.സി.ഡി2/24/ലെജി.)

The Kerala Police Departmental Inquiries, Punishment and Appeal Rules, 1958-ൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് വേണ്ടി തയ്യാറാക്കിയ കരട് ചട്ടം സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. ഖണ്ഡം 2(1)(ii) ചുവടെ ചേർക്കും പ്രകാരം മാറ്റുക.

(ii) In subrule (10), for clause (b), the following shall be substituted;

"(b) where the penality is imposed on the ground of conduct which has led to his conviction on a criminal charge

(c) where the Governor is satisfied that in the interest of the security of the state it is not expedient to follow the provisions of this rule.

provided that the member of the service may be given an opportunity of making representation on the penalty proposed to be imposed before any order is made in any case except under (c) above".

2. ഖണ്ഡം 2(3) താഴെപറയും പ്രകാരം മാറ്റുക

Rule 10, shall be substituted with the following;

"10. Finalization of departmental inquiry regarding matters pending before a court.—

It shall be competent for a disciplinary authority to issue a final order in a departmental inquiry which is sub judice

provided the matter before court/s is pending for long except wherein the petitioner in such case is delinquent officer himself

provided further that disciplinary authority shall record the reasons in writing justifying the finalization of such inquiry

provided further that the final order in such departmental inquiry shall not have any bearing in the matter pending before the court

provided further that any departmental inquiry is pending finalization on account of subsistence of a case in a court when the member of service is to retire on superannuation in 180 days the same shall be considered as a long pending case

provided further that no disciplinary authority will exercise power under this provision, if specifically prohibited by a court"

3. ഖണ്ഡം 2(5)(b)-ൽ 'and' എന്ന വാക്കിന് പകരം 'or' എന്ന വാക്ക് ചേർക്കുക.

4. ഖണ്ഡം 2(6)(i)-ൽ (g) എന്ന ചിഹ്നത്തിനും അക്ഷരത്തിനും ശേഷം (i) എന്ന ചിഹ്നവും അക്ഷരവും ചേർക്കുക.

5. ഖണ്ഡം 2(9) ഒഴിവാക്കി ശേഷിക്കുന്നവ അതിൻ പ്രകാരം പുനരക്കം ചെയ്യുക.

6. Explanatory Note-ലെ മൂന്നാമത്തെ ഖണ്ഡികയിലെ അവസാനത്തെ വാക്യത്തിന് പകരം താഴെപറയുന്നവ കൂട്ടിച്ചേർക്കുക.

"Government have decided to make the rule applicable to all kind of penalities".

7. Explanatory Note-ലെ അഞ്ചാമത്തെ ഖണ്ഡികയിലെ അവസാനത്തെ വാക്യത്തിന് പകരം താഴെപറയുന്നവ കൂട്ടിച്ചേർക്കുക:

"On the basis of the same, Government have decided to make it competent for the disciplinary authority to issue final orders in a departmental inquiry which is sub judice subject to the conditions laid down under rule 10."

8. ചട്ടത്തിന്റെ പേരിലെ '2024' എന്നത് '2025' എന്നാക്കി മാറ്റുക.

3. The Kerala Service (...... Amendment) Rules, 2024. (കെ.എസ്.ആർ. ഭാഗം I, ചട്ടം 104 A ഭേദഗതി സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ്-ബി1/57/2024-ധന. (ഇ. 2832444) തീയതി 13-12-2024)

(ഫയൽ നം. 21061/സബ്.സി.ഡി2/24/ലെജി.)
[KLS/16200/2024-SubcD2(E 1229]

ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ ഗുരുതരമായി പരിക്കുപറ്റി ചികിത്സയിൽ കഴിയേണ്ടി വരുന്ന കേരള ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കും ചികിത്സാ കാലയളവിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ശമ്പളവും ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആശുപത്രി അവധി അനുവദിക്കുന്നതിലേക്കായി കെ.എസ്.ആർ. ഭാഗം I, ചട്ടം 104A ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2024' എന്നത് '2025' എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

4. The Kerala State and Subordinate Services (......Amendment) Rules,2024. (കെ.എസ്.&എസ്.എസ്.ആർ. ഭാഗം II, ചട്ടം 28b(i) ഭേദഗതി സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ്-1/127/2023/ഉഭപവ. തീയതി 20-12-2024)

(ഫയൽ നം. 21239/സബ്.സി.ഡി2/24/ലെജി.)

[KLS/16328/2024-SubcD2 (E-1272)]

സംസ്ഥാനത്ത് സ്പെഷ്യലൈസ്ഡ് ജീവനക്കാരൊഴികെയുള്ള എല്ലാ ഗസറ്റഡ് ജീവനക്കാരുടെയും വാർഷിക പെർഫോമൻസ് അപ്രൈസൽ ഫോം പരിഷ്കരിച്ചുകൊണ്ടുള്ള 14-3-2022 തീയതിയിലെ ഉ.പ.സി2/118/2021-ഉ.ഭ.പ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക 6-ലെ വ്യവസ്ഥ പ്രകാരമുള്ള ബെഞ്ച് മാർക്ക് സ്കോർ 5 അല്ലെങ്കിൽ അതിൽ താഴെ സ്കോർ ലഭിക്കുന്നത് ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഒരു അയോഗ്യതയായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പ്രൊമോഷനുള്ള അർഹത നിശ്ചയിക്കുന്നതിന് ഈ സ്കോർ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ

വ്യക്തത വരുത്തുന്നതിനായി കെ.എസ്.&എസ്.എസ്. ആർ ഭാഗം II, ചട്ടം 28 b(i)-ന് ചുവടെയുള്ള ഉപചട്ടം 7-ന് ശേഷം നിലവിലുള്ള കുറിപ്പ് note (vii)-ന് താഴെയായി, "(viii) In the case of officers whose overall score in the Annual Performance Appraisals is less than 5, the Departmental Promotion Committee may consider each case on its own merit and decide upon their inclusion in the select list." എന്ന കുറിപ്പ് ഉൾപ്പെടുത്തുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2024' എന്നത് '2025' എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

5. The Kerala Service (.... Amendment) Rules, 2024. (കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 1(i)-ന് ചുവടെയുള്ള നോട്ട് നം.2 ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്).

(സർക്കാർ കത്ത് നം. റൂൾസ്-ബി1/45/2024-ധന (ഇ-2798775) തീയതി 9-1-2025

[KLS/305/2025-SubcD2 (E-1590)]

കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 1(i)-ന് ചുവടെയുള്ള നോട്ട് നം. 2-ലെ സാംക്രമിക രോഗങ്ങളുടെ പട്ടികയിലെ ക്രമനമ്പർ 2 ആയി 1-2-2024 മുതൽ പ്രാബല്യത്തിൽ 'ചിക്കൻപോക്സ് ' ഉൾപ്പെടുത്തി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന് നിയമസാധുത നൽകുന്നതിനായുള്ള കരട് ഭേദഗതി ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2024' എന്നത് '2025' എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

6. The Kerala Service (.... Amendment) Rules, 2024. (കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19D-ക്കുശേഷം 19E കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ് ബി1/9/2023/ധന. ( E-2353342) തീയതി 9-1-2025)

[KLS/318/2025/SubcD2(E-1603]

കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19-ലെ നിബന്ധനകൾക്ക് വിധേയമായി പേസ്മേക്കർ ഇംപ്ലാന്റേഷന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് 21 ദിവസം വരെ പ്രത്യേക ആകസ്മികാവധി അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവിന് നിയമസാധുത നൽകുന്നതിനായുള്ള കരട് ഭേദഗതി ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2024' എന്നത് '2025' എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

7. The Kerala Service (.... Amendment) Rules, 2024.(കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19E-യ്ക്കുശേഷം 19F കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)

(സർക്കാർ കത്ത് നം. റൂൾസ് ബി1/13/2020/ധന. ( E-1492275), തീയതി 9-1-2025)

[KLS/327/2025/SubcD2(E-1612]

ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19-ലെ നിബന്ധനകൾക്ക് വിധേയമായി ഒരു കലണ്ടർ വർഷം പരമാവധി 15 ദിവസം പ്രത്യേക ആകസ്മികാവധി അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവിന് നിയമസാധുത നൽകുന്നതിനായുള്ള കരട് ഭേദഗതി ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2024' എന്നത് '2025' എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

8. The Kerala Police Subordinate Service (Band and Mounted Police Units) (.... Amendment) Rules, 2025.

(സർക്കാർ കത്ത് നം. കെ.2/257/2022-ആഭ്യന്തരം, തീയതി 13-1-2025)

[KLS/405/2025/SubcD2 (E-1696]

സ.ഉ(പി)നം. 50/2021/ആഭ്യന്തരം, തീയതി 2-7-2021 (എസ്.ആർ.ഒ. നം.497/2021) പ്രകാരം പുറപ്പെടുവിച്ച കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസിലെ ബാന്റ് ആൻഡ് മൗണ്ടഡ് പോലീസ് യൂണിറ്റിന്റെ വിശേഷാൽ ചട്ടം നിലവിൽ വരുന്നതിന് മുമ്പ് ബാന്റ്/ ബ്യൂഗ്ലർ/ഡ്രമ്മർ തസ്തികകളിൽ നിയമിതരായവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സീനിയോറിറ്റി തർക്കം ഒഴിവാക്കുന്നതിനുമായി പ്രസ്തുത വിശേഷാൽ ചട്ടങ്ങളിൽ ഒരു സേവിംഗ് ക്ലോസ് പുതിയ വ്യവസ്ഥയായി ഉൾപ്പെടുത്തുന്നതിനുള്ള "The Kerala Police Subordinate Service (Band and Mounted Police Units) (Amendment) Rules, 2025-ന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.

III. സാധൂകരണം നൽകിയ ചട്ടം.

1. 2024-ലെ കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് റൂൾസ് (S.R.O.No.447/2024),2024-ലെ കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവ്വീസ് റൂൾസ് (S.R.O.No.451/2024) (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നം. എൽ1/3/2018/ആഭ്യന്തരം, തീയതി 6-8-2024 & 16-10-2024)

(ഫയൽ നം.15582/സബ്.സി.ഡി2/24/ലെജി.)

ജുഡീഷ്യറി വകുപ്പിലെ സ്പെഷ്യൽ റൂളുകളിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി S.R.O. No. 447/2024, S.R..O. No. 451/2024 എന്നീ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണെന്നും ബഹു. ഹൈക്കോടതി നിർദേശിച്ച സമയപരിധിയിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടിവന്നതിനാലാണ് ചട്ടങ്ങളുടെ കരട് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ കഴിയാതെ വന്നതെന്നും നിയമവകുപ്പിന്റെ ഉപദേശമനുസരിച്ച് പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകണമെന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത ചട്ടങ്ങൾ കരട് രൂപത്തിൽ സമിതിയുടെ പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും സമിതിയുടെ സൂക്ഷ്മപരിശോധനയ്ക്ക് ലഭ്യമാക്കാതെ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നത് ശരിയായ കീഴ്‌വഴക്കമല്ലെന്ന് അഭിപ്രായപ്പെടുകയും ചട്ടങ്ങളിലെ ചില വ്യവസ്ഥകളുമായി ബന്ധപ്പെട്ട അനോമലികൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ളവർക്ക് ആമീൻ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഏകദേശം 18 വർഷത്തെ സർവ്വീസ് വേണ്ടിവരുമ്പോൾ കേവലം 3 വർഷത്തെ സർവ്വീസ് മാത്രമുള്ളവർക്ക് ഡ്രൈവർ തസ്തികയിൽനിന്നും ആമീൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നുവെന്നും കൂടാതെ ആമീൻ, ഡ്രൈവർ ഗ്രേഡ് II എന്നീ തസ്തികകൾ ഒരേ ശമ്പള സ്കെയിലിലുള്ളവയാണെന്നും അക്കാര്യങ്ങൾ പരിശോധിക്കണമെന്നും സമിതി നിർദേശിച്ചു.

നിശ്ചിത സമയപരിധിയിൽ കോടതി ഉത്തരവ് പാലിക്കേണ്ടതുള്ളതിനാലാണ് അടിയന്തരമായി വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടിവന്നതെന്നും ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവ്വീസുമായി ബന്ധപ്പെട്ട അനോമലി വിഷയങ്ങളിൽ പരാതികൾ ലഭിക്കുന്നുണ്ടെന്നും അവ പ്രത്യേകമായി പരിഗണിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനങ്ങൾക്ക് സമിതി സാധൂകരണം നൽകുകയും കാലതാമസ പത്രിക അംഗീകരിക്കുകയും ചെയ്തു.

IV. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച താഴെപറയുന്ന നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസ പത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.</u>

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം. 1986/സബ്.സി.ഡി2/2017/ലെജി.)

(സർക്കാർ കത്ത് നം. സി.ഡി.എൻ1/241/2022-പൊഭവ. തീയതി 23-10-2024)

പൊതുഭരണ (ഏകോപനം) വകുപ്പ് (സംസ്ഥാന വിവരാവകാശ കമ്മീഷൻ) ഖണ്ഡിക നം. 9 (കാലതാമസപത്രിക സഹിതം)

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം. 11793/സബ്.സി.ഡി.2/22/ലെജി.)

(സർക്കാർ കത്ത് നം. ഇ 4/387/2022/ആഭ്യന്തരം, തീയതി 6-12-2024)

ആഭ്യന്തര (ഇ) വകുപ്പ് സ്പെക്റ്റം ചാർജസ് (ഖണ്ഡിക നം.197)

(കാലതാമസപത്രിക സഹിതം)

V. <u>വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് ലഭ്യമാക്കിയിട്ടുള്ള കാലതാമസപത്രികയുടെ പരിഗണന.</u>

2023-24 സാമ്പത്തിക വർഷം ജുഡീഷ്യറിയ്ക്ക് [ആഭ്യന്തര(എസ്)വകുപ്പ്] അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സമർപ്പിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്ന പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഫയൽ നം. 1094/സബ്.സി.ഡി2/24/ലെജി.

(സർക്കാർ കത്ത് നം. എസ്3/36/2024/ആഭ്യന്തരം തീയതി 29-11-2024)

യോഗം രാവിലെ 11.30-ന് അവസാനിച്ചു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.